# ശാംഭവി

ത്രൈമാസിക

Book 8 | April - June 2019 | Edition 2



# പത്രാധിപക്കുറിപ്പ്

ഇന്ന് നാം കണ്ടുവരുന്നത് ജനങ്ങളുടെ ഭൗതികസൗകര്യം ഒരുക്കുന്നതിൽ വ്യാജമായും വ്യാജമല്ലാതെയും വ്യഗ്രതകാട്ടുന്ന സർക്കാരുകളെയാണ്. ഭൗതികതയുടെ (Infrastructure) സ്വച്ഛതയും ഒരു ചടങ്ങിനുവേണ്ടി ചെയ്യുന്നവരുമുണ്ട്. സ്വച്ഛത ബാഹ്യത്തെക്കാൾ ആന്തരമായതാണ് പ്രധാനം. ആന്തരമായ സ്വച്ഛത മനസ്സിന്റെതാണ്. സ്കൂൾ മുറ്റത്തേയ്ക്ക് എത്തുന്ന ഓരോ കുഞ്ഞിന്റെയും സ്വബോധത്തെ (Self Consciousness) വികസിപ്പിച്ചുകൊണ്ടുവരുവാൻ കെല്പുള്ളതാകണം ആദ്ധ്യാപകസമൂഹം. എന്നാലെ മനസ്സിന്റെ സ്വച്ഛത കുട്ടികളിൽ ഉണ്ടാവുകയുള്ളൂ. അതിന് സംസ്കൃത സുഭാഷിതങ്ങൾ, ഭഗവദ്ഗീതാ ശ്ലോകങ്ങൾ തുടങ്ങിയവ വളരെയധികം സഹായകങ്ങളാണ്. പൊതുവെ സംസ്കൃതപഠനം പൊതുവിദ്യാലയങ്ങളിൽ നിർബന്ധിത വിഷയമാക്കേണ്ടതാണ്. നോക്കൂ ഈ ഗീതാ ശ്ലോകം

ക്ലൈബ്യം മാ സ്മ ഗമഃ പാർഥ
നൈതത് ത്വയ്യുപപദ്യതേ
ക്ഷുദ്രം ഹൃദയദൗർബല്യം
ത്യക്ത്വോത്തിഷ്ഠ പരന്തപ

തളർന്നുപോയ അർജ്ജുനന്റെ സ്വപ്രകൃതിയെ തൊട്ടുണർത്തുകയാണ് ശ്രീകൃഷ്ണപരമാത്മാവ് ആദ്യം ചെയ്യുന്നത്. ക്ലീബതയോ ക്ഷുദ്രമായ ഹൃദയദൗർബല്യമോ അർജ്ജുനന് ചേർന്നതല്ല. നേരെമറിച്ച് നീ യുദ്ധവിജയിയാണെന്ന് 'പരന്തപ' എന്ന സംബോധനയിലൂടെ ഉദ്ബോധിപ്പിക്കുന്നു. യുദ്ധവിജയി എന്നത് ജീവിതയുദ്ധത്തിലെ വിജയി എന്ന നിലയിൽ അത് എല്ലാവർക്കും സ്വബോധത്തെ (Self Consciousness) വികസിപ്പിക്കുവാൻ ഉതകുന്നതാണ്.

സംസ്കൃത ഗ്രന്ഥങ്ങളെല്ലാം മനുഷ്യന്റെ സമഗ്രവികാസത്തെ ഊന്നിയുള്ളതാണ്. അല്ലാതെ ഒരു മതത്തിനു മാത്രം വളരാനുള്ള അവസരം നൽകുന്ന ഭാഷയല്ലിത്. അതുകൊണ്ട് സംസ്കൃതപഠനം വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കുക മാത്രമല്ല എല്ലാ വിഷയവും കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരുടെ യോഗ്യതയുടെ മാനദണ്ഡം ആക്കുക കൂടി ചെയ്യണമെന്ന് സർക്കാരിനോടുള്ള ഒരപേക്ഷ.

പുസ്തകം 8 ലക്കം 1
ഏപ്രിൽ - ജൂൺ 2019

വരിസംഖ്യ സൗജന്യം

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
ഡോ. അജിതൻ പി.ഐ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
കെ.പി. ശ്രീധരൻ നമ്പൂതിരി

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട


# വിഷയവിവരം


1. വിരക്തിരത്നാവലി 2
2. സംസ്കൃതപഠനം (38) 5
3. ഭഗവദ്ഗീതാ - ഒരു പുനർവായന (11) 18
4. ശ്രീപുരം അഷ്ടനാഗേശ്വരക്കാവ് 14
4. ലളിതാസഹസ്രനാമം (28) 18
6. ഔഷധസസ്യങ്ങൾ (25) ചെമ്പരത്തി 20
10. പരമാർത്ഥസാരം (6) 21
9. കാശ്മീര ശൈവസമ്പ്രദായം (7) 26
8. ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (4) 28
7. കുട്ടികളുടെ വാല്മീകിരാമായണം (19) 31
5. ശിവസ്തോത്രാവലി (6) 32

# വിരക്തിരത്നാവലി

സമ്പാദക : അപർണ്ണാദേവി എ.

1. *പ്രണമ്യ ഗുരുചിദ്ഘനം നതതമസ്തതിധ്വംസനം*
*സുഖാംബുരസവൃഷ്ടിദം സുകൃതിനാം ഹൃദബ്ജേ സദാ*
*കരോമി ചിതിവൃദ്ധ്യേ ജനിവിമുക്തയേ ജ്ഞാനിനാം*
*ത്രയീഹൃദയസാഗരോദ്ഭവവിരക്തിരത്നാവലിം*

2. *അപാരഭവസാഗരം ചതുരശീതലക്ഷോദ്ഭവ-*
*സ്ഥലോർമിചലിതം സതീസുതസുതാദിനക്രാചിതം*
*മഹേശ്വരപദാംബുജപ്രണയകർണധാരേരിതം*
*ന തർതുമലമന്യതോ ദൃഢവിരക്തിപോതം വിനാ*

3. *ന രജ്യതി തു ധാവകാൻ മലിനമീഷദപ്യംബരം*
*തഥാ സകലവാസനാമലിനമാനസം സംവിദാ*
*ന തിഷ്ഠതി യഥാ രജഃ പരമസൂക്ഷ്മസൂച്യഗ്രകേ*
*സരാഗഹൃദയേ നൃണാം ശിവസുഖാബ്ധിബിന്ദോഃ കണഃ*

4. *വിനാശയതി ശംബരം നിജകണാംശസംസ്പർശതോ*
*വിപക്വകലശം സകൃച്ഛ്രവണതോഽപി ബോധസ്തഥാ*
*സകാമപുരുഷം പരം വിഗതകാമചിത്തേ സദാ*
*തഥാ നടതി ചേതനാ സുരസരോവരേ ഹംസികാ*

5. *വിരക്തംഹൃദയം തഥാ വിശതി സംവിദംഭോ യഥാ*
*സുനിമ്നതരഭൂതലം ഗളിതവാസനാ ധീർനൃണാം*
*വിപക്ഷവിഹഗോ യഥാ വസതി വൃക്ഷനീഡേ നിജേ*
*തഥാ ശിവസുരദ്രുമേ പരമസൗഖ്യസാമ്രാജ്യദേ*

6. *മഹാവിബുധസങ്ഗിനാമമൃതലാലസാനാം സദാ-*
*ശിവാങ്ഘ്രികമലാർചനേ നിയതമാനസാനാം സദാ*
*യഥാ വിമലചന്ദ്രികാ ഹിമകരസ്യ രാകാതിഥൗ*
*തഥാ സുകൃതശാലിനാം കില വിരക്തിരുത്പദ്യതേ*

7. *തൃണീകൃതപിതാമഹത്രിദശനാഥസംപച്ചയാ*
*സദാ സ്ഫുരതി മാനസേ സകലസംപദാ പൂരിതേ*

*പുനശ്ച വിഷയേ സ്പൃഹാ ഭവതി നൈവ പാതേ യഥാ*
*വിരക്തിരിതി വർണ്യതേ മുനിവരൈശ്ച സാ സൗഖ്യദാ*

8. *ജഡാജഡമയേ ജഗത്യസഹനീയദുഃഖാസ്പദേ*
*യഥോപലമരുസ്ഥലേ ന ലഭതേ പയഃശീകരം*
*കിരാതഹൃദയേ ദയാം മധുരസം കിരാതേ ജന-*
*സ്തഥാ സുഖകണം വൃഥാഭ്രമണമാത്രമേവ ധ്രുവം*

9. *അനംഗപരദമ്പതീമഥനജാതശുക്ലാർതവേ*
*യുതേ ഭവത ഏകധാ വിശതി തത്ര ഗർഭാശയേ*
*തദൈവ നരദേഹഭാക് സുകൃതദുഃഖഭോഗായ വൈ*
*സ്വകർമവശഗോ രജോദ്രവവിവൃദ്ധപേശീഗതഃ*

10. *തദാശയഗതം ക്രമാത് കലലഭ്രൂതരേതോരജോ*
*ജരായുപരിവേഷ്ടിതം മലജലാലയാന്ത്രാന്തരം*
*ന മാതൃജഠരാനലഃ പചതി ശാലിബീജാദിവത്*
*തതോ/ങ്ഗമഭിജായതേ വിഹിതഭോജ്യശീലൈഃ സ്ത്രീയാഃ*

11. *ശിരോനയനനാസികാശ്രുവണബാഹുവിക്ഷഃസ്ഥലം*
*ഹ്യധോമുഖഹൃദംബുജം ഭവതി ഗർഭപിണ്ഡസ്യ ച*
*സ്വമാതൃരസധാതുഗപ്രകൃതിവർണതേജോബലാ-*
*ന്യധോമുഖവിലാസവദ്വിമലദർപണേ പശ്യതഃ*

12. *സ്വപാപഫലഭോഗഭാഗ് ബധിരമൂകപങ്ഗ്വാധികാം*
*സ തു പ്രലഭതേ മരുദ്വികൃതവക്ത്രനേത്രാദികാം*
*സ്വപാകപരിപാകികാവിമലമൂത്തികാസ്ഫോടക*
*പ്രദീർണസുഷിരാന്വിതാം ഘടതനും തഥാ പൂരുഷഃ*

13. *സ്വമാതൃജഠരസ്ഥിതഃ കഫഗളോപരോധച്ഛിശു-*
*ർന രോദിതി സുഖം തഥാ ന ലഭതേ/ഗ്നിതാപന്മലം*
*വിമുഞ്ചതി ന കുംഭകാദ്വഹതി വേഗജാലം ച നോ*
*ഭജന്നരകയാതനാം കൃമിരിവാത്ര മധ്യസ്ഥിതഃ*

14. *വസാകഫപരിപ്ലുതോ ജനനമാർഗതോധോമുഖഃ*
*പ്രസൂതിസമയേ ശിശുഃ പതതി വായുനാ ദൈവതഃ*
*തദാ കുശലകാമിനീ നിജകരേണ പാദൗ ശിശോഃ*
*പ്രഗൃഹ്യ കുരുതേ തതഃ കഫവിശോധനം ധൂന്വതീ*

15. *കട്വുഷ്ണരസസേവനാദ് വസനകംബളാച്ഛാദനാത്*
*പുരീഷജലലോളനാനുചിതഗന്ധസംസേവനാത്*
*ക്ഷുധാദിപരിപീഡനാദവശമാനസാദിന്ദ്രിയ-*
*സ്തതഃ ശിശുദശാം കഥം പരമപൂരുഷഃ കാങ്ക്ഷതി*

16. *മമേദമിതി വാസനാഗൃഹശരീരതാതപ്രസൂ-*
*ജനദ്രവിണഭൂഷണാംബരധരാദിപശ്വാദികം*
*ന ചാസ്തി കുലഗോത്രസൂത്രനരജാതിവർണാശ്രമാഃ*
*ശിശോഃ ക ഇഹ വേത്തി നാഹമിതി വൃത്തിശൂന്യോ യഥാ*

17. *പയോധരപയഃ ശിശുഃ പിബതി രൗതി വക്ഷോരുഹേ*
*നിജാനനഗതേ തതഃ കരപദം ധുനാത്യഞ്ജസാ*
*അധഃ പതതി മഞ്ചകാദ് വമതി തം കഫം ഖാദതി*
*പ്രമൂഢഹൃദയഃ സുഖം വിഷയജം ന വിന്ദത്യഹോ*

18. *പരിഭ്രമതി വക്ഷസാ പശുവദർഭകോ മന്ദിരേ*
*ക്വചിത് ഖലതി രോദിതി ക്വനു ഗതേതി മാതാ ഭൃശം*
*കൃമിം ധരതി പണിനാ ചലതി ജാനുനാ ചാസകൃ-*
*ജ്ജലം പിബതി താഡ്യതേ ഗദഭയേന മാത്രാ തദാ*

19. *ദ്വിജോദ്ഭവഗദാത് തദാ ശ്രവണവേധതോഽഭ്യങ്ഗതോ*
*ഭൃശോഷ്ണജലസേചനാദുരഗപൂതനാപീഡനാത്*
*അതിത്വരിതഗർഭഭൃത്കുജനനീസ്തനാസ്പർശനാത്*
*വൃഥാ ഭവതി താം പുനഃ സ്മരതി കഃ പുമാൻ ഹാ ശിശോഃ*

20. *പ്രിയൈഃ സതതഖേലനേ പ്രഹരതി സ്വമാതാ ഗൃഹേ*
*ബഹിഃ പ്രിയജനൈഃ സദാ ബലപരീക്ഷയാ മർദ്യതേ*
*ഗുരുഃ പഠനമന്ദിരേഽക്ഷരവിധൗ പരം ശിക്ഷതേ*
*പ്രപഞ്ചഹൃദയം വടും പിതൃജനാശ്ച കൗമാരകേ*

21. *അഹോ ജഗതി യൗവനം നയതി ദേഹിനം സർവദാ*
*സകർണവചനേക്ഷണം ബധിരമൂകജന്മാന്ധതാം*
*ശ്രുതിശ്രവണശങ്കരസ്മരണമൂർതിസംദർശനേ*
*ഭവാർണവസുതാരണപ്ലവപദാബ്ജസദ്ദേശികേ*

22. *പ്രഭുഃ പരമയൗവനം വിഷയയാചകേഭ്യോ യതോ*
*ഹൃഷീകധനസംഘമർപയതി കർണഭൂപോ യഥാ*
*വിവേകരിപുമഞ്ജസാ ദഹതി കോപശസ്ത്രാഗ്നിനാ*

*സദാഘലകരമാദാരാദ്വിടപതേശ്ച ഗൃഹ്ണാത്യഹോ*

23. *അഭ്രച്ഛതമഖഃ സ്വയം സമദയൗവനം യോഷിതഃ*
*ശരീരവരവേദികാ കലിതയോനികുണ്ഡേ ഭൃശം*
*ജുഹോതി നരശുക്ലകം വദനനന്ദനേ ക്രീഡതി*
*പ്രിയാധരസുധാം സദാ പിബതി കാമയാനോഽനിശം*

24. *ന യൗവനവനേ ചര പ്രബലമാരഭില്ലാശ്രയേ*
*സഃ കാമഹതകഃ സ്ത്രിയാഃ സുനിശിതൈഃ കടാക്ഷേഷുഭിഃ*
*പ്രഹൃത്യ കരലാഘവാത് ത്വരിതമവ്രണം പ്രക്ഷിപേത്*
*കുചാദ്രിയുഗളാന്തരേ ത്വമപി തൃഷ്ണയാ മുഹ്യസി*

25. *ന യൗവനസുരാം പിബദ്രവിണഭിതിലജ്ജാപഹാം*
*സ്വജാതികുലശീലവിസ്മരണകാരിണീം മോഹിനീം*
*പരസ്വയുവതീസതീഗതിവിവേകഹാനിപ്രദാം*
*കുമാർഗഗതിദായിനീം നിഗമമാർഗസംശോധിനീം*

---

# സംസ്കൃതപഠനം (38)

ഡി. പ്രകാശ്

ശത്രന്തപാഠം തുടരുന്നു. ശത്രന്തത്തിന്റെ ചതുർത്ഥ്യന്തരൂപങ്ങൾ തുടങ്ങിയവ താഴെ കൊടുക്കുന്നു.

| एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|
| पठते | पठद्भ्यां | पठद्भ्यः |
| पठतः | पठद्भ्यां | पठद्भ्यः |
| पठतः | पठतोः | पठताम् |
| पठति | पठतोः | पठत्सु |

ഇവ വാക്യത്തിൽ എഴുതാം.

1. पिता पठते पुत्राय मोदकं ददाति।

അച്ഛൻ പഠിക്കുന്ന പുത്രന് മോദകം നല്കുന്നു.

2. शिक्षकः पठद्भ्यः छात्रेभ्यः पारितोषिकं ददाति।
ശിക്ഷകൻ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കുന്നു.
3. पठतां छात्राणां मध्ये कुचेलः श्रीकृष्णस्य प्रियमित्रं भवति।
പഠിക്കുന്ന വിദ്യാർത്ഥികളിൽവെച്ച് കുചേലൻ ശ്രീകൃഷ്ണന്റെ മിത്രമാണ്.
4. विद्यालये पठतोः छात्रयोः रामकृष्णयोः परस्परं स्पर्धा अभवत्।
വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളായ രാമകൃഷ്ണന്മാരിൽ പരസ്പരം മത്സരം ഉണ്ടായി.

താഴെ കൊടുക്കുന്ന കള്ളികൾ മുമ്പ് പഠിച്ച 'പഠ്' ധാതുവിന്റെ ശത്രന്തരൂപങ്ങൾക്കനുസൃതമായി പൂരിപ്പിക്കുക.

| एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|
| | लिखन्तौ | लिखन्तः |
| लिखन्तं | लिखन्तौ | |
| | लिखद्भ्यां | लिखद्भिः |
| लिखते | | लिखद्भ्यः |
| लिखतः | लिखद्भ्यां | |
| | | लिखताम् |
| | लिखितोः | |

| | | |
|---|---|---|
| वदन् | | वदन्तः |
| | वदन्तौ | वदतः |
| | वदद्भ्याम् | |
| | वदद्भ्याम् | वदद्भ्यः |
| वदतः | | |
| | वदतोः | |
| वदति | | |

സപ്തവിഭക്തികളിലുമുള്ള രൂപങ്ങൾകൊണ്ടുള്ള വാക്യങ്ങൾ

നോക്കുക.

1. जनाः अभ्यर्थयते मतदानं करोति।
ജനങ്ങൾ അഭ്യർത്ഥിക്കുന്നവർക്ക് വോട്ട് ചെയ്യുന്നു.
2. सत्यं वदद्भिः पुरुषैः मङ्गलमेव प्राप्यते।
സത്യം പറയുന്ന ജനങ്ങളാൽ മംഗളം തന്നെ ലഭിക്കപ്പെടുന്നുള്ളൂ.
3. नवनीतम् अपहरति श्रीकृष्णे गोपिकानां स्नेहः अतीवास्ति।
വെണ്ണ കക്കുന്ന ശ്രീകൃഷ്ണനിൽ ഗോപികമാർക്ക് അത്യന്തം സ്നേഹമുണ്ട്.
4. असुरताम् अनुसरद्भ्यः भरणकर्तृभ्यः साधारणजनाः बिभ्यति।
അസുരതയെ പിന്തുടരുന്ന ഭരണകർത്താക്കളെ സാധാരണ ജനങ്ങൾ ഭയക്കുന്നു.
5. विष्णुं स्मरतः ध्रुवस्य पुरतः भगवान् अवततार।
വിഷ്ണുവിനെ സ്മരിക്കുന്ന ധ്രുവന്റെ മുമ്പിൽ ഭഗവാൻ അവതരിച്ചു.
6. युद्धं कुर्वद्भ्यां कृष्णार्जुनाभ्यां भीष्मपितामहः रोचते।
യുദ്ധം ചെയ്യുന്ന കൃഷ്ണാർജ്ജുനന്മാർക്ക് ഭീഷ്മപിതാമഹനെ ഇഷ്ടമാണ്.
7. वातेन कम्पयद्भ्यः वृक्षेभ्यः फलानि पतन्ति।
കാറ്റുകൊണ്ട് വിറയ്ക്കുന്ന വൃക്ഷങ്ങളിൽനിന്ന് പഴങ്ങൾ വീഴുന്നു.
8. ईश्वरं नमतां जनानां जीवितं सुखमयं भवति।
ഈശ്വരനെ നമിക്കുന്ന ജനങ്ങളുടെ ജീവിതം സുഖമയമാകുന്നു.
9. चरित्रं निरूपयत्सु सत्यसन्धता आवश्यकी।
ചരിത്രം നിരൂപണം ചെയ്യുന്നവരിൽ സത്യസന്ധത ആവശ്യമാണ്.
10. शिशूनां क्रीडां पश्यद्भ्यां पितृभ्यां ब्रह्मानन्दः अनुभूयते।
ശിശുക്കളുടെ കളി കാണുന്ന മാതാപിതാക്കൾ ബ്രഹ്മാനന്ദം അനുഭവിക്കുന്നു.

## കാവ്യപാഠം

ശ്ലോകം 3

मन्दः कवियशःप्रार्थी गमिष्याम्युपहास्यताम्
प्रांशुलभ्ये फले लोभादुद्बाहुरिव वामनः।।

मन्दः, कवियशःप्रार्थी, गमिष्यामि, उपहास्यताम्, प्रांशुलभ्ये, फले,

लोभात्, उद्बाहुः, इव, वामनः

अन्तलिङ्गविभक्तिवचनानि

मन्दः - അകാരാന്ത പുല്ലിംഗ പ്രഥമാ ഏകവചനം
कवियशःप्रार्थो - നകാരാന്ത പുല്ലിംഗ പ്രഥമാ ഏകവചനം
उपहास्यताम् - ആകാരാന്ത സ്ത്രീലിംഗ ദ്വിതീയാ ഏകവചനം
प्रांशुलभ्ये - അകാരാന്ത നപുംസകലിംഗ സപ്തമീ ഏകവചനം
फले - അകാരാന്ത നപുംസകലിംഗ സപ്തമീ ഏകവചനം
लोभात् - അകാരാന്ത പുല്ലിംഗ പഞ്ചമീ ഏകവചനം
उद्बाहु - ഉകാരാന്ത പുല്ലിംഗ പ്രഥമാ ഏകവചനം
इव - അവ്യയം
वामनः - അകാരാന്ത പുല്ലിംഗ പ്രഥമാ ഏകവചനം

कोशः

मन्दः - मूढाल्पापटुर्निभाग्याः मन्दाः

कविः - धीरो मनीषी ज्ञः प्राज्ञः सङ्ख्यावान् कविः

प्रांशुः - उच्चप्रांशून्नतोदग्रोच्छ्रितस्तुङ्गे

वामनः - वामने न्यग्नीचखर्वह्रस्वाः

धातुपदलकारपुरुषवचनानि

गामिष्यामि - 'गम्लृ' गतौ - परस्मैपदी - लृट् - उत्तमपुरुषः - एकवचनम्

क्रियापदरूपाणि

| | | |
|---|---|---|
| गमिष्यति | गमिष्यतः | गमिष्यन्ति |
| गमिष्यसि | गमिष्यथः | गमिष्यथ |
| गमिष्यामि | गमिष्यावः | गमिष्याम |

| **समस्तपदम्** | **विग्रहः** | **समासः** |
|---|---|---|
| कवियशः | कवीनां यशः | षष्ठी तत्पुरुषः |
| प्रांशुलभ्यम् | प्रांशुनालभ्यम् | तृतीयातत्पुरुषः |

अन्यविग्रहाः

लभ्यम् - लब्धुं योग्यम्
कवियशःप्रार्थी - कवियशः प्रार्थयितुं शीलम् अस्य अस्ति इति
उपहास्यता - उपहसितुं योग्यम् उपहास्यं - तस्य भावः

सन्धिः

गमिष्याम्युपहास्यतां - गमिष्यामि + उपहास्यतां
लोभादुद्बाहुरिव - लोभात् + उद्बाहुः + इव

പദാർത്ഥം

| | | |
|---|---|---|
| मन्दः | = | മൂഢൻ |
| कवियशःप्रार्थी | = | കവിയുടെ കീർത്തി കിട്ടാൻ പ്രാർത്ഥിക്കുന്നവൻ |
| गमिष्यामि | = | പോകും |
| उपहास्यताम् | = | പരിഹാസത്തെ |
| प्राशुलभ्ये | = | ഉയരമുള്ളവനാൽ ലഭിയ്ക്കപ്പെടുന്നതിൽ |
| फल | = | ഫലത്തിൽ |
| लोभात् | = | അത്യാർത്തി കാരണം |
| उद्बाहुः | = | ഉയർത്തിയ കൈയുള്ളവൻ |
| इव | = | പോലെ |
| वामनः | = | കുള്ളൻ |

1. കഃ ഗമിഷ്യാമി? ആര് പോകും (പ്രാപിയ്ക്കും)
 ഉത്തരം : അഹം ഗമിഷ്യാമി (ഞാൻ ഗമിക്കും)
2. അഹം കിം ഗമിഷ്യാമി? ഞാൻ എന്തിനെ പ്രാപിക്കും?

ഉത്തരം : അഹം ഉപഹാസ്യതാം ഗമിഷ്യാമി. ഞാൻ ഉപഹാസ്യതയിലേക്ക് ഗമിക്കും.

3. കീദൃശഃ അഹം ഉപഹാസ്യതാം ഗമിഷ്യാമി? എങ്ങനെയുള്ള ഞാൻ ഉപഹാസ്യതയിലേയ്ക്ക് ഗമിക്കും?

ഉത്തരം : മന്ദഃ കവിയശഃപ്രാർത്ഥീ അഹം ഉപഹാസ്യതാം ഗമിഷ്യാമി.
മന്ദനും കവിയശസ്സിനെ പ്രാർത്ഥിക്കുന്നവനുമായ ഞാൻ ഉപഹസ്യതയിലേക്ക് ഗമിക്കും.

4. മന്ദഃ കവിയശഃപ്രാർഥീ (അഹം) കഃ ഇവ ഉപഹാസ്യതാം ഗമിഷ്യാ

മി? ആരെപോലെ ഉപഹാസ്യതയിലേയ്ക്ക് ഗമിക്കും.

ഉത്തരം : മന്ദഃ കവിയശഃപ്രാർഥീ (അഹം) വാമനഃ ഇവ ഉപഹാസ്യതാ ഗമിഷ്യാമി. (മന്ദനും കവിയശഃ പ്രാർഥിയുമായ ഞാൻ വാമനനെപോലെ ഉപഹാസ്യതയിലേക്ക് ഗമിക്കും.

5. കീദൃശഃ വാമനഃ ഇവ ഉപഹാസ്യതാം ഗമിഷ്യാമി? എങ്ങനെയുള്ള വാമനെപോലെ ഉപഹാസ്യതയിലേയ്ക്ക് ഗമിക്കും?

ഉത്തരം : മന്ദഃ കവിയശഃ പ്രാർഥീ ഉദ്ബാഹുഃ വാമനഃ ഇവ ഉപഹാസ്യതാം ഗമിഷ്യാമി. ഉദ്ബാഹുവായ വാമനൻ എന്നപോലെ ഉപഹാസ്യതയിലേയ്ക്ക് ഗമിക്കും.

6. മന്ദഃ കവിയശഃ പ്രാർഥി (അഹം) കസ്മാത് ഉദ്ബാഹുഃ വാമനഃ ഇവ ഉപഹാസ്യതാം ഗമിഷ്യാമി?

ഉത്തരം : മന്ദഃ കവിയശഃ പ്രാർഥീ ലോഭാത് ഉദ്ബാഹുഃ വാമനഃ ഇവ ഉപഹസ്യതാം ഗമിഷ്യാമി.

7. മന്ദഃ കവിയശഃ പ്രാർഥീ (അഹം) കുത്ര ലോഭാത് ഉദ്ബാഹുഃ വാമനഃ ഇവ ഉപഹാസ്യതാം ഗമിഷ്യാമി

ഉത്തരം : മന്ദഃ കവിയശഃ പ്രാർഥീ അഹം പ്രാംശുലഭ്യേ ഫലേ ലോഭാത് ഉദ്ബാഹുഃ വാമനഃ ഇവ ഉപഹാസ്യതാം ഗമിഷ്യാമി

**അന്വയഃ :** മന്ദഃ കവിയശഃ പ്രാർഥീ (അഹം) പ്രാംശുലഭ്യേ ഫലേ ലോഭാത് ഉദ്ബാഹുഃ വാമനഃ ഇവ ഉപഹാസ്യതാം ഗമിഷ്യാമി.

**അന്വയാർത്ഥം :** മന്ദനും കവിയശഃ പ്രാർഥിയുമായ ഞാൻ പ്രാംശുവിനാൽ ലഭ്യമായ ഫലത്തിലുള്ള ലോഭത്താൽ ഉദ്ബാഹുവായ വാമനൻ എന്നപോലെ ഉപഹാസ്യതയിലേയ്ക്ക് ഗമിക്കും.

**അർത്ഥം :** മൂഢനും കവികളുടെ കീർത്തിയെ ആഗ്രഹിക്കുന്നവനുമായ ഞാൻ ഉയരമുള്ളവനാൽ ലഭിയ്ക്കുവാൻ സാധിക്കുന്ന പഴത്തിലുള്ള ആഗ്രഹം നിമിത്തം ഉയർത്തിപ്പിടിച്ച കൈകളോടുകൂടിയ കുള്ളൻ കണക്കെ പരിഹാസപാത്രമാകും.

**സാരം :** വളരെ ഉയരത്തിലുള്ള പഴം കൈകളുയർത്തി പൊട്ടിയ്ക്കാൻ പോകുന്ന കുള്ളനെപോലെയാണ് ഞാനിപ്പോൾ എന്ന് കവി പറയുന്നു. എന്തെന്നാൽ വളരെ മഹത്തരമായതുകൊണ്ടുതന്നെ വളരെ ഉന്നതസ്ഥാനത്തു വർത്തിക്കുന്നതായ രഘുവംശ രാജാക്കന്മാരുടെ ചരിത്രം മൂഢനായ ഞാൻ (കവി) വർണ്ണിയ്ക്കാൻ പുറപ്പെട്ടിരിയ്ക്കുന്നു. കുള്ളൻ വളരെ ഉയരത്തിലു

ള്ള പഴം കൈയുർത്തി പൊട്ടിയ്ക്കാൻ പുറപ്പെട്ടാലുണ്ടാകുന്ന പരിഹാസ്യത എനിക്കും വന്നുചേരും. എന്നാലും കവിയശസ്സിനെ ആഗ്രഹിക്കുന്നതു കൊണ്ടാണ് രഘുവംശം എഴുതുവാൻ പുറപ്പെട്ടിരിക്കുന്നത് എന്ന് കവി സ്വവിനയം പ്രകടിപ്പിക്കുന്നു.

(തുടരും)

---

# ഭഗവദ്ഗീതാ – ഒരു പുനർവായന [18]

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

40. *കുലക്ഷയേ പ്രണശ്യന്തി കുലധർമാഃ സനാതനാഃ*
*ധർമേ നഷ്ടേ കുലം കൃത്സ്നമധർമോഽഭിഭവത്യുത*

41. *അധർമാഭിഭവാത്കൃഷ്ണ പ്രദുഷ്യന്തി കുലസ്ത്രിയഃ*
*സ്ത്രീഷു ദുഷ്ടാസു വാർഷ്ണേയ ജയതേ വർണസങ്കരഃ*

42. *സങ്കരോ നരകായൈവ കുലഘ്നാനാം കുലസ്യ ച*
*പതന്തി പിതരോ ഹ്യേഷാം ലുപ്തപിണ്ഡോദകക്രിയാഃ*

അർത്ഥം : കുലം ക്ഷയിച്ചാൽ സനാതനമായ കുലധർമ്മങ്ങൾ നശിക്കുന്നു. ധർമ്മം നഷ്ടപ്പെട്ടുമ്പോൾ മുഴുവൻ കുലവും അധർമ്മം കീഴടക്കുന്നു. അധർമ്മം കീഴടക്കുന്നതുമൂലം അല്ലയോ കൃഷ്ണ! കുലസ്ത്രീകൾ ദുഷിക്കുന്നു. അല്ലയോ വൃഷ്ണീകുലോദ്ഭവ! സ്ത്രീകൾ ദുഷിച്ചു കഴിയുമ്പോൾ വർണ്ണസങ്കരമുണ്ടാകുന്നു. ഈ വർണ്ണസങ്കരം കുലത്തിനും കുലനാശം വരുത്തുന്നവർക്കും നരകത്തിനായി ഭവിക്കും. എന്തുകൊണ്ടെന്നാൽ വർണ്ണസങ്കരം മൂലം പിണ്ഡോദകക്രിയകൾ നഷ്ടപ്പെട്ട് പിതൃക്കൾ നരകത്തിൽ പതിക്കുന്നു.

കുലം ക്ഷയിച്ചു കഴിഞ്ഞാൽ പരമ്പരയാ സനാതനമായി നിലനിന്നുപോരുന്ന കുലധർമ്മം ഇല്ലാതയാകുമെന്നും കുലധർമ്മം നഷ്ടമായാൽ അധർമ്മം കുലത്തെയും കീഴടക്കും എന്ന് അർജ്ജുനൻ കൃഷ്ണനെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ കുലവും കുലധർമ്മവും നശിച്ചാൽ കുലസ്ത്രീകൾ ദുഷിച്ചുപോകുമെന്ന് പറയുന്നു. ഇവിടെ കുലമെന്നതുകൊണ്ട് അർജ്ജുനൻ

ക്ഷത്രിയകുലത്തെയാണ് ഉദ്ദേശിക്കുന്നത്. ക്ഷത്രിയകുലങ്ങൾ നശിച്ചാൽ സനാതനമായി നിലനിന്നുപോരുന്ന ക്ഷത്രിയകുലധർമ്മങ്ങളും നഷ്ടപ്പെട്ടുപോകുമെന്ന ഭയാശങ്ക അർജ്ജുനൻ അവതരിപ്പിക്കുന്നു. ഇനി അർജ്ജുനൻ കൃഷ്ണനെ സംബോധന ചെയ്യുന്നത് വൃഷ്ണികുലോദ്ഭവ എന്നു വിളിച്ചാണ്. ഇത് ഇവിടെ ശ്രദ്ധേയമാണ്. സ്ത്രീകൾ എങ്ങനെയാണ് ദുഷിക്കുക? പറയാതെ പറയുന്നു വർണ്ണസങ്കരഃ ജായതെ എന്ന വാക്കുകൾകൊണ്ട്. കുലധർമ്മം നഷ്ടപ്പെടുന്നത് അത് അനുഷ്ഠിക്കുവാനുള്ള ക്ഷത്രിയപുരുഷന്മാർ യുദ്ധത്തിൽ ഇല്ലാതെയാകുമ്പോഴാണ്. അങ്ങനെ പുരുഷന്മാർ കുറഞ്ഞാൽ ക്ഷത്രിയസ്ത്രീകൾ മറ്റു കുലത്തിൽപെട്ട പുരുഷന്മാരെ ഭർത്താക്കന്മാരായി സ്വീകരിക്കേണ്ടിവരും. അങ്ങനെ വന്നാൽ പിന്നീടുള്ള സന്തതികൾ വ്യത്യസ്ത കുലങ്ങളുടെ മിശ്രണമായിരിക്കും. ഈ മിശ്രണത്തെയാണ് വർണ്ണസങ്കരമെന്നതുകൊണ്ട് പറയുന്നത്. ഇത് പവിത്രത നഷ്ടപ്പെടുത്തും. കുലങ്ങളുടെ പവിത്രത നഷ്ടപ്പെടുന്നത് കുലത്തിനും കുലധർമ്മത്തെ നഷ്ടപ്പെടുത്തുവാൻ ഇടയാക്കിയവർക്കും നരകത്തെയാണ് പ്രദാനം ചെയ്യുക. കുലത്തിൽപെട്ട പിതൃക്കൾക്ക് ശ്രാദ്ധാദികൾ കിട്ടാതെ വരുമ്പോൾ നരകമായിരിക്കും ഫലം. അർജ്ജുനന്റെ ചിന്തപ്രകാരം ശ്രാദ്ധാദികളെല്ലാം കൃത്യമായി പിതൃക്കൾക്ക് കിട്ടണമെന്നുണ്ടെങ്കിൽ ശുദ്ധകുലത്തിൽ പിറന്നവർ കൊടുത്താൽ മാത്രമേ കിട്ടുകയുള്ളൂ എന്നാണ്. അതില്ലാതെ വരുന്നത് വർണ്ണസങ്കരം ഉണ്ടാകുന്നതുകൊണ്ടുമാണ് എന്നാണ് അർജ്ജുനപക്ഷം. എന്നാൽ സ്വപാരമ്പര്യത്തെക്കുറിച്ച് ഒന്നാലോചിച്ചാൽ വർണ്ണസങ്കരത്തിന് ഇത്തരത്തിലുള്ള വ്യാഖ്യാനം യോജിക്കുന്നതല്ല എന്ന് അർജ്ജുനന് മനസ്സിലാക്കാം.

വർണ്ണസങ്കരം എന്ന വാക്കിന്റെ ആശയം തെറ്റായി വ്യാഖ്യാനിച്ചാണ് തന്റെ പ്രവൃത്തിയെ ഇവിടെ അർജ്ജുനൻ ന്യായീകരിക്കുന്നത്.

**അർജ്ജുനൻ തുടരുന്നു.**

*43. ദോഷൈരേതൈഃ കുലഘ്നാനാം വർണസങ്കരകാരകൈഃ*
*ഉത്സാദ്യന്തേ ജാതിധർമാഃ കുലധർമാശ്ച ശാശ്വതാഃ*

*44. ഉത്സന്നകുലധർമാണാം മനുഷ്യാണാം ജനാർദന*
*നരകേ നിയതം വാസോ ഭവതീത്യനുശുശ്രുമ*

അർത്ഥം : കുലം നശിപ്പിക്കുന്നവരുടെ പ്രവൃത്തികൾകൊണ്ട് സനാതനമായ ജാതിധർമ്മങ്ങളും നശിക്കുന്നു. ഹേ ജനാർദ്ദന! കുലധർമ്മങ്ങളെ നശിപ്പിക്കുന്ന മനുഷ്യരുടെ സ്ഥിരമായ വാസം നരകത്തിലായിരിക്കുമെന്ന് ഞാൻ കേട്ടിട്ടുണ്ട്.

യുദ്ധത്തിലൂടെ വർണ്ണസങ്കരവും അതുവഴി സനാതനമായ ജാതിധർമ്മവും നശിച്ച് നിത്യനരകവാസത്തിന് വഴിയൊരുക്കുന്നുവെന്ന് കേട്ടിട്ടുണ്ടെന്നാണ് അർജ്ജുനൻ പറയുന്നത്. കേട്ടുകേൾവിയെല്ലാം പ്രമാണമാക്കിയിട്ടാണ് അർജ്ജുനൻ തന്റെ യുദ്ധത്തിൽനിന്നുള്ള പിൻമാറ്റത്തെ ന്യായീകരിക്കുന്നത് എന്ന് മനസ്സിലാക്കണം.

## അഭിനവഗുപ്തവ്യാഖ്യാനം

വിശേഷഫലബുദ്ധ്യാ ഹന്തവ്യാദിവിശേഷബുദ്ധ്യാ ച ഹനനം മഹാപാതകമിതി

വിശേഷമായ ഫലം കിട്ടും എന്നുള്ളതുകൊണ്ടോ വധിക്കപ്പെടുന്നവർ തന്റെ ആരെങ്കിലും ആണ് എന്ന വിശേഷബുദ്ധിയോടു കൂടിയോ കൊന്നാൽ മഹാപാതകം തന്നെ.

ഏതദേവ സംക്ഷിപ്യാഭിധാതും പരിതാപാതിശയസൂചനായാത്മഗതമേവാർജ്ജുനോ വചനമാഹ

അതിശയകരമായ സ്വപരിതാപത്തെ സൂചിപ്പിക്കുവാനായിട്ട് അർജ്ജുനന്റെ ആത്മഗതമായിട്ടാണ് ഇനിയുള്ള ശ്ലോകങ്ങളെ കാണേണ്ടതെന്ന് അഭിനവഗുപ്താചര്യൻ പറയുന്നു.

*45. അഹോ ബത മഹത്പാപം*
*കർതും വ്യവസിതാ വയം*
*യദ്രാജ്യസുഖലോഭേന*
*ഹന്തും സ്വജനമുദ്യതാ*

അർത്ഥം : അഹോ കഷ്ടം ഞങ്ങൾ രാജ്യസുഖം ആശിച്ചുകൊണ്ട് സ്വജനങ്ങളെ കൊല്ലുവാൻ ഒരുമ്പെട്ടവരായി വലിയ പാപം ചെയ്യുവാൻ ഉദ്യമിക്കുന്നു.

## അഭിനവഗുപ്തവ്യാഖ്യാനം

വയമിതി - കൗരവപാണ്ഡവഭേദഭിന്നാഃ സർവ ഏവേത്യർഥഃ

'വയം' എന്നതിന് ഇവിടെ കൗരവർ എന്നോ പാണ്ഡവരെന്നോ ഭേദമില്ലാതെ ഞങ്ങൾ എല്ലാവരുമെന്നാണ് അർത്ഥം.

ഞങ്ങൾ കൗരവപാണ്ഡവർ സ്വന്തം ജനങ്ങളെ ഇല്ലാതാക്കിയിട്ട് രാജ്യസുഖം അനുഭവിക്കണം എന്ന ചിന്തയോടെ വലിയതായിരിക്കുന്ന പാപം ചെയ്യുവാനായിട്ടാണ് ഇവിടെ എത്തിച്ചേർന്നിരിക്കുന്നത് എന്നാണ് അർജ്ജുനന്റെ ആശയം.

(തുടരും)

# ശ്രീപുരം അഷ്ടനാഗേശ്വരക്കാവ്

ZnuanZ± \ncnbW° h0.F°.

Kuegl e0Zyn±Q0, I±BnSI hwÁX ÇW0ueû0Ê0, _nww±.

സർപ്പം, നാഗം എന്നീ സങ്കല്പങ്ങൾ ചരിത്രാതീതകാലം മുതൽക്കതന്നെ ആഗോളതലത്തിൽ ഭൗതിക അദ്ധ്യാത്മികശാസ്ത്രങ്ങളിലെ പ്രധാന ബിംബങ്ങളാണ്. ലോകരാജ്യങ്ങളുടെയെല്ലാം സാംസ്കാരികപാരമ്പര്യത്തിൽ സർപ്പം എന്ന പ്രതീകത്തിന് വളരെയധികം പ്രാധാന്യമുള്ളതായി കാണാൻ കഴിയും. സർപ്പസങ്കല്പം ഭാരതീയ ഭൂമിശാസ്ത്രവും സംസ്കാരവുമായി ചേർന്നപ്പോൾ വൈവിധ്യങ്ങളായിട്ടുള്ള ആരാധനാസമ്പ്രദായങ്ങൾ ഉരുത്തിരിഞ്ഞുവന്നു. ഭാരതീയ അദ്ധ്യാത്മികതയുടെ രണ്ടു പ്രധാന കൈവഴികളായ വൈദിക താന്ത്രിക സമ്പ്രദായങ്ങളിലും സർപ്പാരാധന വികാസം പ്രാപിച്ചു.

ഭാരതീയ സർപ്പാരാധനാ സമ്പ്രദായങ്ങളിൽ അത്യന്തം വികാസം പ്രാപിച്ചതായ ഒരു പ്രാദേശിക പാരമ്പര്യമാണ് കേരളത്തിലേത്. ഇവിടുത്തെ പ്രാചീനമായ തറവാടുകളിൽ കാണപ്പെടുന്ന സർപ്പക്കാവുകളും വളരെ പ്രധാനപ്പെട്ട പല സർപ്പക്ഷേത്രങ്ങളും ഇതിനു തേളിവാണ്.

കേരളത്തിലെ മറ്റു സർപ്പക്ഷേത്രങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി തികച്ചും നൂതനമായ ഒരു സർപ്പാരാധനാകേന്ദ്രമാണ് മദ്ധ്യ കേരളത്തിലെ തൃശ്ശൂർ ജില്ലയിൽ ഇരിഞ്ഞാലക്കുടക്കടുത്തുള്ള മാടായിക്കോണം എന്ന ദേശത്ത് സ്ഥിതിചെയ്യുന്ന ശ്രീപുരം അഷ്ടനാഗേശ്വരക്കാവ്. പച്ചപ്പാർന്ന മനോഹരങ്ങളായ നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ട പ്രകൃതിരമണീയവും പ്രശാന്തസുന്ദരവുമായ ഒരു പ്രദേശത്താണ് വളരെ വിശേഷപ്പെട്ട ഈ നാഗക്ഷേത്രം സ്ഥിതിചെയ്യുന്നത്.

## ശ്രീപുരം ട്രസ്റ്റ്

ഭാരതീയ അദ്ധ്യാത്മിക ശാസ്ത്രങ്ങളെയും വിശിഷ്യാ താന്ത്രിക ദർശനത്തിലധിഷ്ഠിതമായ വിവിധ വിഷയങ്ങളെയും കുറിച്ച് ശാസ്ത്രീയവും അക്കാദമികവുമായ പഠനഗവേഷണങ്ങൾക്കായി 2005-ൽ സ്ഥാപിക്കപ്പെട്ട ഒരു സംരംഭമാണ് ശ്രീപുരം ട്രസ്റ്റ് താന്ത്രിക ഗവേഷണത്തി

നോടൊപ്പംതന്നെ അതുമായി ബന്ധപ്പെട്ട ആരാധനകളും ആചാരാനുഷ്ഠാനങ്ങളും പ്രാവർത്തികമാക്കുക എന്നതുംകൂടി ഇവിടത്തെ അഷ്ടനാഗേശ്വരക്കാവിന്റെ നിർമ്മാണോദ്ദേശങ്ങളിലൊന്നാണ്.

## അഷ്ടനാഗേശ്വരക്കാവിന്റെ സങ്കല്പം, പ്രാധാന്യം

കേരളത്തിന്റെ ഏകദേശം ഒത്ത നടുക്കിലായി സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം നിർമ്മിച്ചിരിക്കുന്നത് മുഴുവൻ മലയാളദേശത്തേയും പ്രതിനിധാനം ചെയ്ത് ഇവിടത്തെ മുഴുവൻ സർപ്പദോഷത്തെയും പരിഹരിക്കുക എന്ന സങ്കല്പത്തോടുകൂടിയാണ് ഏകദേശം ആയിരം വർഷങ്ങൾക്കുമുമ്പ് നിലവിൽവന്നതും ഭാരതീയ ദർശനപാരമ്പര്യത്തെ ആഴത്തിൽ സ്വാധീനിച്ചതുമായ 'പരമാദ്വയവാദം' എന്ന ദർശത്തിലധിഷ്ഠിതമായാണ് ഇവിടത്തെ മുഴുവൻ അനുഷ്ഠാനങ്ങളും. ആഗമപാരമ്പര്യത്തിലെ അഭേദാനുഷ്ഠാനം പുനരുദ്ധരിച്ച് ആചരിച്ചുവരുന്ന ഏകക്ഷേത്രവും ഇതാണ്.

മനോഹരങ്ങളായ നാഗപ്രതിമകളെക്കൊണ്ടു ചുറ്റപ്പെട്ട വൃത്താകൃതിയിലുള്ള കരിങ്കൽത്തറയിൽ നിലകൊള്ളുന്ന നാഗേശ്വരനായ ശിവനാണ് ഇവിടത്തെ പ്രധാനപ്രതിഷ്ഠ. ബിംബരൂപത്തിൽ ചതുർബാഹുക്കളിൽ വെണ്മഴു, മാൻ, അഭയം, വരദം എന്നീ ആയുധങ്ങളോടുകൂടിയ നാഗേശ്വരന്റെ എട്ട് സ്ഥാനങ്ങളിലായി പരിവാരങ്ങളായി അനന്തൻ, വാസുകി, തക്ഷകൻ, കാർക്കോടകൻ, പത്മൻ, മഹാപത്മൻ, ശംഖപാലൻ, ഗുളികൻ എന്നീ അഷ്ടനാഗങ്ങൾ നിലകൊള്ളുന്നു. ഇതുകൂടാതെ നാഗേശ്വരന്റെ ഇരുവശങ്ങളിലുമായ അഷ്ടനാഗങ്ങൾ ബിംബരൂപങ്ങളിൽ തങ്ങളുടെ വ്യത്യസ്തങ്ങളായുള്ള ആയുധസമൂഹങ്ങളോടും ചിഹ്നങ്ങളോടും കൂടി ഒരു പ്രത്യേകക്രമത്തിൽ വിരാജിക്കുന്നു.

ഈ ശ്രീകോവിലിനു മുമ്പിലായി കുറച്ചു തെക്കുഭാഗത്തായി നാഗേശ്വരന്റെ സ്പന്ദശക്തിയായി നാഗേശ്വരിയായ ദേവി നിലകൊള്ളുന്നു. ഭാരതീയ ശില്പപാരമ്പര്യത്തിന്റെ മകുടോദാഹരണങ്ങളായി തലയുയർത്തിനില്ക്കുന്ന അതിമനോഹരങ്ങളായ ബിംബങ്ങളോടുകൂടിയ ഈ ക്ഷേത്രം ഒന്നു കാണേണ്ടതുതന്നെയാണ്.

## അനുഷ്ഠാനങ്ങളും പൂജാ സമ്പ്രദായവും

പ്രധാനമായും അദ്ധ്യാത്മികസാധനയ്ക്കുവേണ്ടി നിർമ്മിച്ചതായ ഈ ക്ഷേത്രത്തിൽ അനവധി രഹസ്യാത്മകങ്ങളായ പൂജാവിധാനങ്ങൾ അനുഷ്ഠിക്കപ്പെടുന്നു. എല്ലാ മലയാളമാസത്തിലെയും ആയില്ല്യം നാളിലാ

ണ് പൊതുജനങ്ങൾക്ക് ദർശനത്തിനായി ഈ ക്ഷേത്രം തുറന്നു കൊടു ക്കുന്നത്. അന്നേ ദിവസം ജനങ്ങൾക്ക് വിവിധ പൂജകളും വഴിപാടുകളും ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. എല്ലാ ആയില്ല്യ ത്തിനും രാവിലെയും വൈകുന്നേരവും നാഗേശ്വരനും അഷ്ടനാഗങ്ങൾ ക്കും പ്രത്യേക പൂജകൾ ഉണ്ടായിരിക്കുന്നതാണ്. നാഗേശ്വരിയായ ദേ വിയുടെ ബിംബത്തിൽ രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും യഥാക്രമം നാഗയക്ഷി, നാഗചാമുണ്ഡി, നാഗകാളി എന്നീ ശക്തികളെ പൂജിക്കുന്നു. ഇതുകൂടാതെ വൈകുന്നേരം സർപ്പബലി, നാഗേശ്വരനും അഷ്ടനാഗങ്ങൾ ക്കും നൂറും പാലും തർപ്പണം എന്നീ ചടങ്ങുകളും നടത്തിപ്പോരുന്നു.

ഇവിടെ മേല്പറഞ്ഞ എല്ലാ പൂജകളും പൂർണ്ണമായും, അപ്രകാശിതങ്ങ ളും വളരെ വിരളങ്ങളുമായ താളിയോലകളിൽനിന്നും കണ്ടെടുത്ത് വള രെ നാളത്തെ പഠന മനനങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്നവയാണ്. ഈ ചടങ്ങുകളും ഇനി പറയാൻപോകുന്ന വഴിപാടുകളെല്ലാംതന്നെ ഇവിട ത്തേയ്ക്കു മാത്രമായി പ്രത്യേകം ക്രമീകരിച്ചവയാണ്.

## പ്രധാന വഴിപാടുകൾ

സർപ്പപ്രസാദഹോമം - അഖില സർപ്പങ്ങളുടെയും പ്രീതിക്കായി ക്കൊണ്ടും കാളസർപ്പദോഷം തുടങ്ങിയ മാരകമായ ദോഷങ്ങളുടെ ശമ നത്തിനായിക്കൊണ്ടും നടത്തപ്പെടുന്ന ഒരു വൈദികഹോമമാണിത്. അ നവധി ദശാബ്ദങ്ങൾക്കുശേഷം ആദ്യമായാണ് ഒരു ക്ഷേത്രത്തിൽ ഈ ചടങ്ങ് നടത്തപ്പെടുന്നത്.

നാഗകാളിക്ക് മഞ്ഞൾ കലശാഭിഷേകം - വിവിധ രോഗങ്ങൾ, വി ഷബാധകൾ, ആഭിചാരദോഷങ്ങൾ എന്നിവയുടെ ശമനത്തിനായിട്ടാ ണ് ഈ വഴിപാട് നടത്തുന്നത്.

നാഗകാളിക്ക് ഗുരുതി പുഷ്പാഞ്ജലി - ശത്രുദോഷത്തിനും വിവിധത രത്തിലുള്ള ബാധോപദ്രവങ്ങൾക്കും ഉത്തമ പരിഹാരമാണിത്.

സർപ്പബലി - സർപ്പസംബന്ധിയായ എല്ലാ ദോഷങ്ങൾക്കും ആ ത്യന്തിക പരിഹാരമാണിത്. സർപ്പാനുഷ്ഠാനത്തിലെ വളരെ പ്രധാനപ്പെ ട്ട ഈ ചടങ്ങിൽ അന്നേ ദിവസം സന്നിഹിതരായ എല്ലാവർക്കും നേരി ട്ടു കാണാനും, ഭാഗഭാക്കാകാനുമുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. പൂർവാപരജന്മങ്ങളിൽ അറിഞ്ഞോ അറിയാതെയോ ചെയ്തിട്ടുള്ള എല്ലാ സർപ്പദോഷങ്ങൾക്കും ഉത്തമ പരിഹാരമാണ് സർപ്പബലി.

ഇവയെ കൂടാതെ സർവമംഗങ്ങളിനും ഇഷ്ടകാര്യസാദ്ധ്യത്തിനും ആ

യില്ല്യപൂജ, നൂറും പാലും തർപ്പണം, പുഷ്പാഞ്ജലി എന്നീ വഴിപാടുകളും നടത്തപ്പെടുന്നു. നാഗങ്ങളും നവഗ്രഹങ്ങളുമായി അഭേദ്യമായ ബന്ധമുള്ള തിനാൽ നവഗ്രഹദോഷനിവാരണത്തിനും ഈ ക്ഷേത്രദർശനം ഉത്തമ മാണ്.

## വിശേഷക്രിയകൾ, നാഗബലി

നൂറ്റാണ്ടുകളായി അനുഷ്ഠാനം നിലച്ചുപോയ അതിസങ്കീർണ്ണവും അതിവിശിഷ്ടവുമായ ഒരു സർപ്പാനുഷ്ഠാനമാണ് നാഗബലി. അതിവി ശിഷ്ടമായ ഈ ചടങ്ങിന്റെ പുനരുദ്ധാരണം ഇവിടത്തെ പ്രതിഷ്ഠയോടു കൂടിയാണ് പുനരാരംഭിച്ചത്. അനവധി താന്ത്രികാചാര്യന്മാരുടെ പങ്കാ ളിത്തം അനിവാര്യമായ ഒരു ചടങ്ങാണിത്. ഒരു അഹോരാത്രം മുഴുവൻ നീണ്ടുനില്ക്കുന്ന ഈ ബൃഹത് സപര്യയേക്കാൾ ഉത്തമമായി സർപ്പപ്രീ തികരമായ മറ്റൊരു ചടങ്ങില്ലതന്നെ. മൂന്നു നേരങ്ങളിലായി ആകാശം, ഭൂമി, പാതാളം എന്നീ ലോകങ്ങളിലെ സർപ്പങ്ങളെ മുഴുവനും പൂജിക്കുന്ന വളരെ രഹസ്യമായ ചടങ്ങാണിത്. തുടർച്ചയായി മൂന്നു വർഷം ആചരി ച്ചുവന്ന ഈ ക്രിയയിൽ ജാതി, വർണ്ണ, ലിംഗഭേദമന്യേ അന്നേദിവസം സന്നിഹിതരായ എല്ലാ ജനങ്ങളുടെയും പങ്കാളിത്തം ഉണ്ടായിരുന്നു.

ഇതുകൂടാതെ ഇനിയും ധാരാളം പൂജാവിധാനങ്ങളും രഹസ്യ അനു ഷ്ഠാനങ്ങളും ഇപ്പോഴും ശ്രീപുരം ഗവേഷണവിഭാഗത്തിൽ പഠനമനന ങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നുണ്ട്. ഇവയും താമസിയാതെ ഇവിടെ അനുഷ്ഠിക്കപ്പെടുന്നതായിരിക്കും.

മനുഷ്യന്റെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വികാസ ത്തിനും അവർക്ക് തടസ്സങ്ങളായി നിൽക്കുന്ന വിഘ്നങ്ങളുടെ ദൂരീകരണ ത്തിനുമായി മഹാമനീഷികളായ ഭാരതീയ മഹർഷീശ്വരന്മാർ കനിഞ്ഞ നുഗ്രഹിച്ചു തന്നിട്ടുള്ളതും കാലക്രമത്തിൽ ഇരുളിലാണ്ടുപോയതുമായ അ ദ്ധ്യാത്മിക സാധനാനുഷ്ഠാനപദ്ധതികളെ പുനരുദ്ധരിക്കുകയും അതുവഴി മനുഷ്യനിൽ അന്തർല്ലീനമായിരിക്കുന്ന സൃഷ്ട്യാത്മകവും ക്രിയാത്മകവു മായ ശക്തികളെ അഭിവ്യക്തമാക്കുന്നതിന് തടസ്സമായി നില്ക്കുന്ന സർപ്പ ദോഷങ്ങളെ പൂർണ്ണമായും മാറ്റി അവന് സർവൈശ്വര്യങ്ങൾ ഉണ്ടാകാൻ സഹായിക്കുകയും അവന്റെ പരമലക്ഷ്യമായ ആത്മസാക്ഷാത്കാരത്തി ലേയ്ക്ക് നയിക്കുകയും ചെയ്യാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാ ണ് ശ്രീപുരം അഷ്ടനാഗേശ്വരക്കാവ് നിലകൊള്ളുന്നത്.

# ലളിതാസഹസ്രനാമം (28)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

*43. ശാങ്കരീ ശ്രീകരീ സാധ്വീ ശരച്ചന്ദ്രനിഭാനനാ*
*ശാതോദരീ ശാന്തിമതീ നിരാധാരാ നിരഞ്ജനാ*

*ശാങ്കരീ* : ശങ്കരന്റെ പത്നി. ശങ്കരന്റെ അവസ്ഥയെ തരുന്നവൾ. മംഗളത്തെ പ്രദാനം ചെയ്യുന്നവൾ.

ലളിതാപരമേശ്വരി ശ്രീപരമേശ്വരന്റെ പത്നിയായ പാർവ്വതീദേവിയാണ്. മാത്രമല്ല ,ഈ ദേവിയെ ഉപാസിച്ചാൽ ശിവാവസ്ഥ കൈവരും. കൂടാതെ ഏവർക്കും മംഗളം പ്രദാനം ചെയ്യുന്നവളുമാണ്.

*ശ്രീകരീ* : മഹാവിഷ്ണുവിന്റെ പത്നീ. ഐശ്വര്യം ഉണ്ടാക്കുന്നവൾ. ശ്രീകരഃ എന്ന മന്ത്രത്തിന് ശക്തിയായി വർത്തിക്കുന്നവൾ.

ശിവസഹസ്രനാമത്തിൽ ശ്രീകരഃ എന്ന പേരുണ്ട്. അത് ഒരു മന്ത്രമാണ്. ഈ മന്ത്രത്തിന് ശക്തിയായി വർത്തിക്കുന്നവൾ. ഇതിലെ ശ്രീ എന്നതിന് വിഷം എന്ന അർത്ഥവുമുണ്ട്. വിഷപാനഫലത്തെക്കുറിച്ച് ലൗകികമായി ചിന്തിച്ചാൽ ഭാവാത്മകമായ ഒരാശയവും കിട്ടില്ല. എന്നാൽ മരണാനന്തരം മുമ്പുണ്ടായിരുന്ന അല്പബോധം ഇല്ലാതായി ഈശ്വരബോധം ഉണ്ടാകുന്നു. പരിമിതബോധം അപരിമിതബോധമായി പരിണമിക്കുകയാണ് ഇവിടെ ചെയ്യുന്നത്. അത് ഐശ്വര്യമാണ്. അങ്ങനെ ഭൗതികവും ആത്മീയവുമായ ബോധം ഉണ്ടാക്കിത്തരുന്നവളാണ് ദേവി.

*സാധ്വീ* : പതിവ്രതാ.

ഭർത്തവിന്റെ കാര്യത്തിൽ മാത്രം തല്പരയായവൾ. ശിവന്റെ ആഗ്രഹം പ്രപഞ്ചമായി പരിണമിക്കുക എന്നതാണ്. അതുകൊണ്ട് പ്രപഞ്ചമായി പരിണമിക്കുന്നതിൽ താല്പര്യമുള്ളവൾ.

*ശരച്ചന്ദ്രനിഭാനനാ* : ശരത്ചന്ദ്രന്റെ മുഖം പോലെയുള്ള മുഖത്തോട് കൂടിയുള്ളവൾ.

ശരത്ക്കാലത്ത് ആകാശത്ത് മേഘങ്ങൾ കാണില്ല. അതുകൊണ്ട് ശരത്ഋതുവിലെ ആകാശത്തിന് ഒരു പ്രത്യേക ഭംഗിയാണ്. ശരത്ക്കാലത്തെ പൗർണമിയോട് സമാനമായ മുഖമുള്ളവളാണ് ദേവി. ഇരുട്ടത്തെ

പ്രകാശമാണ് ഏറ്റവും മനോഹരമായത്. തെളിഞ്ഞ മുഖത്തോടുകൂടിയ വളാകുന്ന ദേവി. അതുകൊണ്ട് ആ മുഖത്ത് യാതൊരു വിധത്തിലുമുള്ള ആവശ്യമില്ലാത്ത ചിന്തകളില്ല. നമ്മളെ നോക്കുന്ന ദേവിയുടെ മനസ്സിൽ യാതൊരു അനാവശ്യചിന്തയുമില്ല. നമ്മൾ സ്വാർത്ഥനോ നിസ്വാർത്ഥ നോ ഏതുതരത്തിലുമുള്ള ആളുമായിക്കൊള്ളട്ടെ, നമ്മളെ നമ്മളായി അം ഗീകരിക്കുവാനും സ്വീകരിക്കുവാനും ദേവിയ്ക്ക് യാതൊരു മടിയുമില്ല. ധൈ ര്യമായി ആ സന്നിധിയിലേയ്ക്ക് നമുക്ക് കയറിച്ചെല്ലാം. ദേവി നമ്മളെ അംഗീകരിക്കുകയും സംരക്ഷിക്കുകയും നമുക്കു വേണ്ടതെല്ലാം തരികയും ചെയ്യും. ഇതെല്ലാം ഈ നാമത്തിന്റെ അർത്ഥതലത്തെക്കുറിച്ച് ചിന്തിക്കു മ്പോൾ വെളിവാകുന്നതാണ്.

*ശാതോദരീ* : ഉണ്ടോ ഇല്ലയോ എന്ന സംശയമുള്ള അരക്കെട്ടോടു കൂടിയവൾ. ഹിമവത്പുത്രീ. ആദ്യന്തങ്ങൾ ഇല്ലാത്തവൾ.

അരക്കെട്ട് ഉണ്ടെങ്കിലും സംശയം ജനിക്കുന്നത് മധ്യഭാഗം അത്രയ്ക്കും കൃശമായതുകൊണ്ടാണ്. ഇത് സൗന്ദര്യത്തിന്റെ ലക്ഷണമാണ്. മറ്റൊന്ന് മധ്യഭാഗം ഉണ്ടോ എന്ന് സംശയമുണ്ടെങ്കിൽ ആദിയും അന്തവുമുണ്ടോ എന്ന് സംശയമായിരിക്കും. ആദിയും അന്തവുമുള്ളതിന് മധ്യഭാഗം തീർ ച്ചയായുമുണ്ടെങ്കിൽ മധ്യഭാഗമില്ലാത്തവയ്ക്ക് ആദ്യന്തങ്ങൾ ഉണ്ടാകുകയി ല്ല. അതുകൊണ്ട് ദേവി ആദ്യന്തഹീനയായവൾ. ശാതോദരൻ അനേകം ഗുഹകൾ ഉള്ളവനാണ്. അത് ഹിമവാനാണ്. അതുകൊണ്ട് ശാതോദരീ ഹിമവത്പുത്രി എന്നർത്ഥം വന്നുചേരുന്നു.

*ശാന്തിമതീ* : ഏറ്റവും ശാന്തമായവൾ.

ദേവിയുടെ മനസ്സിൽ യാതൊരു വേവലാതിയുമില്ല. സമാധാനത്തി ന്റെ മൂർത്തിമത് രൂപമാണ്. അതുകൊണ്ടുതന്നെ പേടിയോ ഒന്നിനെക്കു റിച്ചും ആകാങ്ക്ഷയോ ഇല്ല. ദേവി യാതൊന്ന് ആഗ്രഹിക്കുന്നുവോ അ ത് സാധിക്കും. ആഗ്രഹങ്ങൾ ക്ഷണംകൊണ്ട് സാധിക്കുന്നതാകയാൽ ഒ രു വേവാലാതിയുമില്ലാത്തതുകൊണ്ടും ഒരാങ്ക്ഷയുമില്ലാത്തതുകൊണ്ടും അലകൾ ഒഴിഞ്ഞ കടൽപോലെ വളരെ ശാന്തയായവളാണ് ദേവി.

*നിരാധാരാ* : ആധാരമില്ലത്തവൾ.

പ്രപഞ്ചത്തിലെ മറ്റെല്ലാത്തിനും ആധാരമായി വർത്തിക്കുന്നതുകൊ ണ്ട് ദേവി നിരാധാരയാണ്. ഏതൊന്നിലാണോ എല്ലാം നിലകൊള്ളുന്ന ത് അതിന് വേറെ ഒന്നിന്റെയും ആവശ്യമില്ല. അങ്ങനെ സ്വമഹിമ്നയിൽ, തന്നിൽതന്നെ നിലകൊള്ളുന്നവളാണ് ദേവി. തന്ത്രശാസ്ത്രത്തിൽ ആരാ ധാന രണ്ടു തരത്തിലുണ്ട്. അതിൽ ഒന്ന് ബാഹ്യപൂജയും മറ്റൊന്ന് ആന്ത രപൂജയുമാണ്. അവിടെതന്നെ ആന്തരപൂജ രണ്ടു തരത്തിലുണ്ട്. ഒന്ന് സാ

ധാരപൂജ മറ്റേത് നിരാധാരപൂജ. സാധാരപൂജ ബീജാദിമന്ത്രങ്ങളോടുകൂടി മനസ്സിൽ ചെയ്യുന്ന ഒന്നാണ്. അതേസമയം പരാസ്തോത്രം തുടങ്ങിയവ നിരാധാരപൂജയുടെ ഉദാഹരണങ്ങളാണ്. അത് ആധാരമില്ലാത്ത ദേവി യുടെ പൂജയാണ്. അതുകൊണ്ട് ദേവി ഉയർന്ന ബോധതലത്തിലുള്ളവ രാൽപോലും ആരാധിക്കപ്പെടുന്നവളാണ്.

(തുടരും)

---

ഔഷധസസ്യങ്ങൾ -25

# ചെമ്പരത്തി

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

ഭാരതത്തിലുടനീളം കണ്ടുവരുന്ന ഔഷധ സസ്യമാണ് ചെമ്പരത്തി. കേരളത്തിലെ ഗ്രാമീണാന്തരീക്ഷത്തിൽ നിഷ്കളങ്കയായ ഗ്രാമകന്യക യെപ്പോലെ ധാടിയും മോടിയും ആർഭാടവുമൊന്നുമില്ലാതെ ഏവരേയും കടാക്ഷിച്ചു നില്ക്കുന്ന ചെമ്പരത്തി, ആയുർവേദ ഔഷധങ്ങളിൽ പ്രധാനി യാണ്. ദേവദാസികൾക്ക് പ്രിയംകരിയായ ഇതിന്റെ പുഷ്പം പില്ക്കാലത്ത് ഗർഭനിരോധന ഔഷധങ്ങളെക്കുറിച്ചുള്ള പഠനഗവേഷണങ്ങളിൽ പ്ര ധാന പങ്കുവഹിച്ചു.

മാൽവേസി കുടുംബത്തിൽപെട്ട ചെമ്പരത്തിയുടെ ശാസ്ത്രനാമം ഹൈബിസി കസ്റോസാ സൈനെൻസിൽ എന്നാണ്. സംസ്കൃതത്തിൽ ജപം, ഔഡ്രപുഷ്പം, രാഗപുഷ്പി തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. ഇംഗ്ലീഷിൽ ഷൂഫ്ലവർ എന്നു വിളിയ്ക്കുന്നു.

അമ്പത്തിനാലുതരം ചെമ്പരത്തി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

ഔഷധഗുണം മുടിയ്ക്ക് യഥാർത്ഥനിറവും ഉറപ്പും പ്രദാനം ചെയ്യുന്നു. ചർമ്മരോഗങ്ങൾ ഇല്ലായ്മ ചെയ്യുന്നു. താല്ക്കാലികമായ ഗർഭനിരോധനശ ക്തി ഉളവാക്കുന്നു. മുറിവും ചതവും സംഭവിച്ചാൽ എളുപ്പം ഉണങ്ങാനുള്ള ഔഷധവീര്യം ഇതിൽ അടങ്ങിയിരിക്കുന്നു.

പൂജാപുഷ്പമായി ഉപയോഗിയ്ക്കുന്നു. ചെമ്പരത്തി ഇലയും പൂവും ചതച്ച് താളിയാക്കി ഉപയോഗിച്ചാൽ മുടിയുടെ ആരോഗ്യവും സ്വാഭാവികമായ നിറവും വീണ്ടെടുക്കാം. കൂടാതെ മുടികൊഴിച്ചിലും മാറിക്കിട്ടും.

രക്തപിത്ത വികാരങ്ങൾ, രക്താതിസാരം ഇവയ്ക്ക് ചെമ്പരത്തിമൊട്ട് പാലിലോ മോരിലോ അരച്ച് കൊടുത്താൽ ഫലപ്രദമായി അനുഭവപ്പെ

ട്ടിട്ടുണ്ട്. ചെമ്പരത്തിപ്പൂ അരച്ച് വിധിപ്രകാരം വെളിച്ചെണ്ണകാച്ചി തലയിലും ദേഹത്തും പതിവായി പുരട്ടിയാൽ ത്വക്ക് രോഗങ്ങൾ പ്രത്യേകിച്ച് കുട്ടികളുടെ ചൊറി, ചിരങ്ങ് എന്നിവ ഭേദമാകും.

---

### മഹാമഹേശ്വരാചാര്യശ്രീമദഭിനവഗുപ്തകൃതം

# പരമാർത്ഥസാരം (6)

(ശ്രീമദ്‌യോഗരാജകൃതവിവൃതിസഹിതം)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

കഴിഞ്ഞലക്കം തുടർച്ച

നനു സർവ്വപ്രമാതൃണാം ബുദ്ധൗ ചേത് സ്വാത്മനോ/പ്യ വിശേഷേണ പ്രസ്ഫുരണം തർഹി തേ സർവ്വേ കിമിതി സ്വാത്മവിദോന സ്യുസ്തജ്ഞാനവന്തോ മാ വാ ഭ്രവൻ വിശേഷാഭാവാത്. യത് പുന സംസാരാവസ്ഥായാമപി കേചന സ്വാത്മജ്ഞാനാജ്ജീവന്മുക്താഃ സർവ്വജ്ഞത്വസർവ്വകർത്തൃത്വശാലിനഃ കേചന സ്വാത്മജ്ഞാനയോഗ്യാഃ ആരുരുക്ഷവശ്ച ദൃശ്യന്തേ/പരേ സ്വാത്മജ്ഞാനരഹിതഃ സന്തോ ധർമ്മാധർമ്മനിമിത്ത ശുഭാശുഭകർമ്മനിഗഡപ്രബന്ധബദ്ധാഃ സംസാരിണ ഏവേതി കഥമേതത് സംഗച്ഛത ഇത്ഥ മന്തഃ സർവ്വം കൃത്വാ പാരമേശ്വരഃ ശക്തിപാതോ വിശൃംഖല ഇതി പ്രതിപാദയതി.

*9. ആദർശേ മലഹിതേ യദ്വദ് വദനം വിഭാതി തദ്വദയം-*
*ശിവശക്തിപാതവിമലേ ധീതത്ത്വേ ഭാതി ഭാരൂപഃ.*

### സാരം

എല്ലാ പ്രമാതാക്കളുടെയും ബുദ്ധിയിൽ സ്വാത്മബോധം ഒരേ അളവിൽ സ്ഫുരിക്കുന്നു എന്നുവരികിൽ അവരെല്ലാംതന്നെ എന്തുകൊണ്ട് ആത്മജ്ഞാനികളായിത്തീരുന്നില്ല? ആത്മജ്ഞാനികളായിത്തീരാത്തവരുമായി അവർക്ക് അന്തരമൊന്നുമില്ലതന്നെ. സംസാരാവസ്ഥയിലും ചിലർ സ്വാത്മജ്ഞാനം പ്രാപിച്ച് ജീവന്മുക്തരായി സർവ്വജ്ഞത്വ സർവ്വകർതൃത്വശാലികളായിത്തീരുന്നു. ചിലർ ആത്മജ്ഞാനത്തിനു യോഗ്യരായി സാധനാപഥത്തിലേക്ക് കയറാൻ തല്പരരായിക്കാണുന്നു. വേറെ

ചിലരാകട്ടെ, ഈ പരമജ്ഞാനത്തെ പ്രാപിക്കാതെ ധർമ്മാധർമ്മബോധത്താൽ ശുഭാശുഭകർമ്മങ്ങളിൽപെട്ടുലഞ്ഞ് സംസാരികളായിത്തന്നെ കഴിയുന്നു. ഇത്തരം ഭേദങ്ങൾക്ക് കാരണമെന്ത് എന്നതിനു മറുപടി പറയുന്നു. സാക്ഷാൽ പരമേശ്വരന്റെ ശക്തിപാതം ബന്ധനരഹിതമാണ്. (ശുഭാശുഭകർമ്മങ്ങൾക്കും അവയുടെ ഫലത്തിനും അതീതമാണെന്നർത്ഥം).

എപ്രകാരമാണോ മാലിന്യവിമുക്തമായ കണ്ണാടിയിൽ അവനവന്റെ മുഖം തെളിഞ്ഞു കാണുന്നത് അപ്രകാരംതന്നെ ശിവശക്തിപാതത്താൽ ശുദ്ധമായ മലരഹിതമായ ബുദ്ധിയിൽ ആത്മജ്ഞാനമാകുന്ന പ്രകാശം സ്ഫുരിക്കുന്നു.

## വിവൃതി

ദർപ്പണേ മാലിന്യരഹിതേ യഥാനിർവ്വിശേഷരൂപാദി ഗുണഗണയുക്തം മുഖം ചകാസ്തി. ന സ ദേശോ/സ്തിയം വിനിവൃത്തമല ആദർശേ ന സ്വീകുരുതേ. സമലേ ദർപ്പണേ തു മുഖമനന്യാതിശയമപി ധ്യാമലത്വാദ്വൈപരീത്യേന പ്രകാശതേ. നാപി മലിനസ്തദീയാൻ ഗുണാൻ സ്വീകർത്തുമലം. പ്രത്യുത തന്യസ്തമുഖഃ പുമാൻ മുഖമന്യഥൈവ ധ്യാമലത്വാദ്യുപേതമവലോക്യ സ്വാത്മനോ ലജ്ജാമാവഹതി വികൃതം മദ്വദനമിതി. തഥൈവ ശിവസ്യ സ്വാത്മനോ യാസാവനുഗ്രഹാഖ്യാ ശക്തിഃ തസ്യാഃ പാതഃ സ്വകിരണവിസ്താരസ്തേന സമ്മാർജിതേ പ്രതിഭാമുകുര ആണവമായീയ കാർമ്മമലവാസനാ പ്രക്ഷയാദ്വിശദീകൃതേ കേഷാഞ്ചിദപശ്ചിമജന്മനാം പ്രമാതൄണാം ഭാഃ പ്രകാശഃ രൂപം യസ്യേതി സഃ ഭാരൂപഃ സ്വാത്മായാവത് സർവ്വജ്ഞത്വാദി ഗുണഗണയുക്തസ്താവാനപ്യവഭാസതേ യേന കേചനൈ വ തേ സ്വാത്മസ്വരൂപപ്രഥനാത് സംസാരമദ്ധ്യപതിതാ അപി മുക്തകല്പാഃ സാതിശയാശ്ച. കേഷാഞ്ചിദേവ പരമേശ്വര തിരോധാനശക്ത്യാണവമായീയ കാർമ്മമല സമാച്ഛാദിതേ ബുദ്ധി തത്ത്വേ ഭാരൂപോപ്യാത്മാ മാലിന്യാദ്ഭാതോപ്യഭാതകല്പോ യേന തേ സാംസാരികാഃ പശവ ഇത്യഭിധീയന്തേ/പ്യുഭയശക്തിയോഗാത് പ്രമാതാര ആരുരുക്ഷവ ഇതി. ഇത്ഥം തീവ്ര മന്ദ മന്ദതരാദിഭേദേന ശക്തിപാത വൈചിത്ര്യം സർവ്വത്രാപ്യൂഹ്യം. അത്ര ന മായാന്തഃ പാതി നിയതി ശക്തി സമുത്ഥമശ്വമേധാദികം ജപദ്ധ്യാനാദി വാന്യദ്യത്കിഞ്ചിത്കർമ്മ മോചനഹേതുരാത്മനസ്തസ്യ ഹി മായാതഃ സമുത്തീർണ്ണത്വാദ്ഭേദപ്രധാനം വസ്തു തത്സാധനായത പ്രകല്പതേ യദ്ഗീതം

*"നാഹം വേദൈർന്ന തപസാ ന ദാനേന ന ചേജ്യയാ"* ഇതി.

തസ്മാദേകമേവാത്ര പരമേശ്വരാനുഗ്രഹഃ കാരണമകൃത്രിമം ഭവ്യ ബുദ്ധീനാം. യദുക്തം.

*ഈശിതുഃ ശക്തിപാതാംശേ വ്യാപയിത്രീ സ്വതന്ത്രതാം*
*ധീഃ കാരണകലാഘ്രാതാ നൈവ കിംചിദപേക്ഷതേ.* ഇതി.

പശുപ്രമാതൃണാം തു പരമേശ്വര തിരോധാനശക്തിഃ സംസരണ ഹേതുരേവ യേ നൈ തേ സ്വസ്വരൂപാപ്രഥനാത് ശുഭാശുഭ കർമ്മനിരതാഃ സുഖദുഃഖാദി ഭോഗഭാജഃ പുനഃ പുനരസ്മിൻ സംസരന്തി. തസ്മാത് പ്രമാതൃണാം സാധാരണേऽപി സ്വാത്മനി പ്രകാശാപ്രകാശരൂപേ അനുഗ്രതിരോധാനശക്തീ ദ്വേ ഏവ തേ മോക്ഷബന്ധ പ്രവിഭാഗഹേതു. യദുക്തം.

*"ബധ്നാതി കാചിദപി ശക്തിരനന്ത ശക്തേഃ*
*ക്ഷേത്രജ്ഞമപ്രതിഹതാ ഭവപാശജാലൈഃ*
*ജ്ഞാനാസിനാ ച വിനികൃത്യ ഗുണാന ശേഷാ-*
*നന്യാ കരോത്യഭിമുഖം പുരുഷം വിമുക്തൗ. ഇതി.*

## പരിഭാഷ

മാലിന്യ വിമുക്തമായ കണ്ണാടിയിൽ എല്ലാ ഗുണഗണങ്ങളോടും കൂടിയ മുഖം പ്രതിഫലിക്കുന്നു. നിർമ്മലമായ കണ്ണാടിയിൽ പ്രതിഫലിക്കാത്ത മുഖത്തെ യാതൊരു ഭാഗവും ഉണ്ടാവില്ല. മുഖം മറ്റുള്ളവരെ അപേക്ഷിച്ച് എത്ര സുന്ദരമാണെങ്കിലും മലിനമായ കണ്ണാടിയിൽ പ്രതിഫലിക്കുമ്പോൾ നേരെ വിപരീതമായി കാണപ്പെടുന്നു. മലിനമായ കണ്ണാടി സുന്ദരമായ മുഖത്തിന്റെ ഗുണത്തെ സ്വീകരിക്കുന്നില്ല. മറിച്ച് അതിൽ പ്രതിബിംബിക്കുന്ന വ്യക്തി കണ്ണാടിയിലെ അഴുക്കിലൂടെതന്നെ കണ്ടിട്ട് സ്വന്തം മുഖം വികൃതമാണെന്നു ചിന്തിച്ച് സ്വയം ലജ്ജാവാനായിത്തീരുന്നു. അപ്രകാരംതന്നെ ശിവന്റെ ആത്മശക്തിയാകുന്ന ഈ അനുഗ്രഹ ശക്തിയുടെ പതനംകൊണ്ടും അതിന്റെ കിരണങ്ങളുടെ പ്രകാശനംകൊണ്ടും ആണവ-മായീയ-കാർമ്മിക മലങ്ങൾ ആകുന്ന വാസനങ്ങൾ നീങ്ങി ശുദ്ധമായ ബുദ്ധിദർപ്പണത്തിൽ ആ പ്രകാശം പ്രതിഫലിക്കുകയും സർവ്വജ്ഞത്വാദി ഗുണഗണയുക്തനായിത്തീരുകയും ചെയ്ത് സംസാരമദ്ധ്യത്തിൽ ജീവിച്ചിട്ടും മുക്തനായി വിശിഷ്ടനായിത്തീരുന്നു.

ചിലരിൽ പരമേശ്വരന്റെ തിരോധാനശക്തിയാൽ മറക്കപ്പെട്ട ബുദ്ധിയിൽ പ്രകാശസ്വരൂപനായ ആത്മതത്ത്വം വിളങ്ങിയിട്ടും അത് പ്ര

വർത്തിക്കാതെ സംസാരിയായി പശുവായി (പാശബദ്ധനായി) നില നില്ക്കുന്നു. ചിലരിൽ തിരോധാന അനുഗ്രഹശക്തികൾ പ്രവർത്തിക്കുന്ന തുമൂലം സാധനാപഥത്തിൽ ചരിക്കുന്നവരായിത്തീരുന്നു. ഇപ്രകാരം പരമേശ്വരന്റെ ശക്തിപാതം, തീവ്രം, മന്ദം, മന്ദതരം എന്നിങ്ങനെയാണെന്ന് മനസ്സിലാക്കിക്കൊള്ളണം. ഇപ്രകാരം മായയുടെ അധീനതയിൽ വരുന്നതായ നിയതിശക്തിയാൽ നിയമിതമായ അശ്വമേധാദിയാഗങ്ങൾ, ജപധ്യാനാദി സാധനകൾ എന്നിവ മായയുടെ ഉപരിയായ ആത്മജ്ഞാനത്തിന് ഒരിക്കലും കാരണമാകുകയില്ല. "എന്നെ വേദത്താലോ തപസ്സിനാലോ, ദാനത്തിനാലോ പൂജകളാലോ പ്രാപിക്കാൻ സാദ്ധ്യമല്ല." (ഇപ്രകാരം ഭഗവദ്ഗീതയിൽ പറഞ്ഞിരിക്കുന്നു. ഗീത 11.53)

അതിനാൽ പരമേശ്വരന്റെ അനുഗ്രഹമൊന്നുമാത്രമാണ് പ്രാപഞ്ചികബുദ്ധിയുള്ളവർക്ക് മുക്തികാരണം.

ഈശ്വരന്റെ ശക്തിപാതമെന്ന പ്രക്രിയയിൽ ഈശ്വരന്റെതന്നെ സ്വതന്ത്രശക്തിയെ ഉദ്ഘോഷിക്കുന്ന ബുദ്ധിക്ക് വേറൊന്നിന്റെയും ആവശ്യകതയില്ല. (ഈശ്വരശക്തിപാതമാകുന്നത് അതിന്റേതായ സ്വാതന്ത്ര്യശക്തിയിലൂടെ സംഭവിക്കുന്നതാണ്. അത്തരം ശക്തിപാതത്തിന്റേതായ പരമബുദ്ധി ധർമ്മാധർമ്മഗുണദോഷങ്ങൾ തുടങ്ങി ഒരു വസ്തുവാലും ബാധിക്കപ്പെടുന്നില്ല എന്നർത്ഥം).

പശുപ്രമാതാക്കളിൽ പരമേശ്വരന്റെ തിരോധാനശക്തിയാണ് അജ്ഞാനത്തിന് ഹേതുവായി സ്വഭാവം തിരിച്ചറിയാതെ ശുഭാശുഭകർമ്മങ്ങളിൽപ്പെട്ടുലഞ്ഞ് സുഖദുഃഖങ്ങളായ ഭോഗങ്ങളെ അനുഭവിക്കുകയും വീണ്ടും വീണ്ടും സംസാരചക്രത്തിൽ കറങ്ങുകയും ചെയ്യുന്നു. ഇങ്ങനെ പ്രമാതാക്കളുടെ സാധാരണത്ത്വത്തിലും അവരിൽ പ്രകാശിച്ചും പ്രകാശിക്കാതെയും ഇരിക്കുന്ന അനുഗ്രഹ തിരോധാനശക്തികൾ തന്നെയാണ് മുക്തിക്കും ബന്ധനത്തിനും വിധേയമാകുന്നത്.

ഈശ്വരന്റെ അനന്തശക്തിയുടെ ഒരുഭാഗം (തിരോധാനശക്തി) പ്രമാതാവിനെ മറച്ചിട്ട് സംസാരപാശത്തിൽ ബന്ധിപ്പിക്കുമ്പോൾ വേറൊരു ശക്തി (അനുഗ്രഹശക്തി). ഈ ഗുണങ്ങളാകുന്ന പാശങ്ങളെ മുഴവൻ ജ്ഞാനമാകുന്ന വാളിനാൽ വെട്ടി നശിപ്പിച്ച് മുക്തിയിലേക്ക് നയിക്കുന്നു. (ഭഗവദ് ഭക്തിസ്തോത്രം അവധൂതസിദ്ധൻ).

20-ാം നൂറ്റാണ്ടിൽ ഭാരതത്തിൽ ജീവിച്ചിരുന്ന മഹായോഗിയായിരുന്ന ശ്രീ അരവിന്ദ മഹർഷിയുടെ ‘The Integral Yoga’ എന്ന പുസ്തകത്തി

ലെ ഇതിനു സമാനമായ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു :

["I should like to say something about the Divine Grace - For you seem to think it should be something like Divine Reason acting upon like not very different from those of human intelligence. But it is not that. Also it is not a universal divine compassion either, acting impartially on all who approach it and acceding to all prayers. It does not select the righteous and reject the sinner. The Divine Grace come to aid the persecutor (Saul of Tarsus), it came to St. Augustine the profligate, to Jagai and Madhai of infamous fame, to Bilwamangal and many others whose conversion might well scandalise the puritanism of the human moral intelligence; but it can come to the righteous also - curing them of their self-righteousness and leading to a purer consciousness beyond these things. It is a power that is superior to any rule, even to the Cosmic Law - for all spiritual seers have distinguished between the Law and the Grace. Yet it is not indiscriminate - only it has a discrimination of its own which sees things and persons and the right times and seasons with another Vision than that of the Mind or any other normal power. A state of grace is prepared in the individual often behind thick veils by means no calculable by the mind and when the state of grace comes, then the grace itself acts. There are these three powers (1) The Cosmic Law, of Karma of what else; (2) The Divine Compassion acting on as many as it can reach through the nets of the Law and giving them their chance (3) The Divine Grace which acts more incalculably but also more irresistibly than the others. The only question is whether there is something behind all the anomalies of life which can respond to the call and open itself with whatever dificulty till it is ready for the illumination of the Divine Grace - and that something must be not a mental and vital moment but an inner somewhat which can well be seen by the Inner Eye."]

(Integral Yoga - Sri. Aurobindo)

(തുടരും)

# കാശ്മീര ശൈവസമ്പ്രദായം (7)
# [പരമാദ്വയവാദം] : ഒരാമുഖം

ഡോ. അജിതൻ പി.ഐ.

## ശിവദൃഷ്ടി

സോമാനന്ദനാൽ (A.D. 9-ാം നൂറ്റാണ്ട്) രചിക്കപ്പെട്ട കാശ്മീരശൈവ തത്വാധിഷ്ഠിതമായ ഒരു കൃതിയാണ് ശിവദൃഷ്ടി. ഇതിൽ ഏഴ് അദ്ധ്യായങ്ങളാണ് ഉള്ളത്. ഈ ഏഴ് അദ്ധ്യായങ്ങളിലും കൂടി ആകെ 700 ശ്ലോകങ്ങളും. ഒന്നാമത്തെ അദ്ധ്യായത്തിൽ കാശ്മീരശൈവ സമ്പ്രദായത്തിലെ പ്രധാനതത്ത്വങ്ങളെ ശാസ്ത്രദൃഷ്ട്യാ അവതരിപ്പിച്ചശേഷം രണ്ടാമത്തെ അദ്ധ്യായത്തിൽ സംസ്കൃതവൈയ്യാകരണന്മാരുടെ പ്രത്യേകിച്ച് ഭർത്തൃഹരിയുടെ ശബ്ദബ്രഹ്മവാദത്തെ യുക്തിയുക്തം ഖണ്ഡിക്കുന്നു. അതായത് ഈശ്വരാദ്വയവാദമാണ് യുക്തിയുക്തം അല്ലാതെ വൈയ്യാകരണന്മാരുടെ ശബ്ദപരബ്രഹ്മാദ്വയവാദമല്ല എന്നു സമർത്ഥിക്കുന്നു. മൂന്നാമദ്ധ്യായത്തിൽ ശാക്തവാദിയായ ഭട്ടപ്രദ്യുമ്നന്റെ വാദങ്ങളെ ശാസ്ത്രദൃഷ്ട്യാ ഖണ്ഡിക്കുന്നു. അഞ്ചിലും ആറിലുമായി പരമാദ്വയവാദത്തിലെ മൗലികസിദ്ധാന്തങ്ങൾ യുക്തിയ്ക്കനുസൃതമായും ശാസ്ത്രദൃഷ്ടിയിലൂടെയും അവതരിപ്പിക്കുന്നു. ആറാമദ്ധ്യായത്തിൽ വേദാന്തം, പാഞ്ചരാത്രം, ജൈനം, സാംഖ്യം, ന്യായം, വൈശേഷികം, ബൗദ്ധം തുടങ്ങിയ ദർശനങ്ങളുടെ നിർത്ഥകതയേയും ഉപയോഗശൂന്യതയേയും പറ്റി പ്രതിപാദിക്കുന്നു. ഏഴാമദ്ധ്യായത്തിൽ വിശ്വാത്മകവും വിശ്വോത്തീർണ്ണവുമായ അനുഭൂതിയിലേക്ക് ഒരു സാധകനെ നയിക്കുന്ന സാധനാപദ്ധതികൾ ചുരുക്കി പറയുന്നു.

സോമാനന്ദൻ മറ്റ് രണ്ടു കൃതികൾകൂടി എഴുതിയിട്ടുള്ളതായി പറയപ്പെടുന്നുണ്ട്. പരാത്രിംശികാ വിവൃതിയെന്ന ത്രികശാസ്ത്രത്തിന്റെ മൂലഗ്രന്ഥമായ പരാത്രിശികയ്ക്കുള്ള വ്യാഖ്യാനമാണ് ഒന്ന്. ഇതുപക്ഷേ ഇന്ന് ലഭ്യമല്ല. ഈ കൃതിയെക്കുറിച്ചുള്ള പരാമർശങ്ങൾ കൂടുതലും കാണുന്നത് അഭിനവഗുപ്തന്റെ തന്ത്രാലോകത്തിലാണ്. ഈ പരാമർശങ്ങളിലൂടെയാണ് ഇങ്ങനെയൊരു കൃതി ഉണ്ടെന്നുള്ള അറിവ് ലഭിക്കുന്നത്. ശാക്തവിജ്ഞാനം ആണ് മറ്റൊരു കൃതി. ഇത് ശാക്തസിദ്ധാന്തപരമാണ്.

കാശ്മീരശൈസിദ്ധാന്തത്തിലെ മൗലികതത്ത്വങ്ങളെ ആദ്യമായി ഒരു ശാസ്ത്രീയമായ അടിത്തറയോടുകൂടി അവതരിപ്പിക്കുന്നത് സോമാന

ന്ദന്റെ ശിവദൃഷ്ടിയാണ്. മാത്രവുമല്ല ഇത് പ്രത്യേകിച്ചും ഈ സമ്പ്രദായത്തിൽ ദീക്ഷനേടിയിട്ടുള്ളവരെ ഉദ്ദേശിച്ചാണ് എഴുതപ്പെട്ടിട്ടുള്ളതാണെന്നാണ് പണ്ഡിതമതം.

## ഈശ്വരപ്രത്യഭിജ്ഞാകാരികാ

പൊതുവേ പ്രത്യഭിജ്ഞാദർശനത്തിന്റെ ഉപജ്ഞാതാവായി പറയപ്പെടുന്നത് സോമാനന്ദനെക്കുറിച്ചാണെങ്കിലും പ്രത്യഭിജ്ഞാദർശനത്തിന് ഒരു ശാസ്ത്രമെന്ന നിലയിൽ ശക്തമായ അടിത്തറ പാകിയതും ശാസ്ത്രാദ്ധ്യായന തത്പരർക്കും ആത്മാന്വേഷികൾക്കും ഒരുപോലെ പ്രധാനപ്പെട്ട ഒരു ഗ്രന്ഥവും പന്ഥാവുമാക്കി മാറ്റിയതും ഉത്പലദേവനാണ്. കാശ്മീരവാസിയായ ഉത്പലദേവൻ (9-10 നൂറ്റാണ്ട്) സോമാനന്ദന്റെ ശിഷ്യനും മകനുമാണ്. വളരെ കണിശവും അങ്ങേയറ്റം സൂക്ഷ്മവുമായ രീതിയിൽ വിഷയങ്ങളെ അപഗ്രഥിക്കുകയും പണ്ഡിതോചിതമായ പദാവലികളിലൂടെ സ്വസിദ്ധാന്തങ്ങളെ അവതരിപ്പിക്കുകയും ചെയ്യുക എന്നതാണ് ഉത്പലദേവന്റെ ശൈലി. എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമായ ഒരു ശൈലിയാണ് അദ്ദേഹത്തിന്റെ സ്തോത്രകൃതിയായ ശിവസ്തോത്രാവലിയിൽ കാണുന്നത്. ഇതിൽ ശാസ്ത്രത്തിന്റെ കണിശതയ്ക്ക് പകരം ഭക്തിരസം തുളുമ്പുന്ന പദാവലികളും ശിവസമാവേശസ്വരൂപമായിട്ടുള്ള ഭക്തിയെ ഊട്ടിയുറപ്പിക്കുന്ന ആശയങ്ങളുമാണ് ഇതിലുള്ളത്.

ഉത്പലദേവനാൽ എഴുതപ്പെട്ട ശിവസ്തോത്രാവലിയെ ഇന്നു കാണുന്ന രൂപത്തിൽ സംഗ്രഹിച്ചത് വിശ്വാവർത്തൻ എന്ന ആചാര്യനാണ്. അദ്ദേഹം അതിന്റെ മൊത്തം ഇരുപത് സ്തുതികളാക്കി നാമകരണം ചെയ്തു. ഭക്തിവിലാസം, സർവ്വാത്മപരിഭാവന, പ്രണയപ്രസാദം, സുരസോദ്ബലം, സ്വബലനിദേശനം, അദ്ധ്വവിസ്ഫുരണം, വിധുരവിജയം, അലൗകികോദ്ബലനം, സ്വാതന്ത്ര്യവിജയം, അവിച്ഛേദഭംഗം, ഔത്സുക്യവിശ്വസിതം, രഹസ്യനിർദ്ദേശം, സംഗ്രഹസ്തോത്രം, ജയസ്തോത്രം, ഭക്തിസ്തോത്രം, പാശാനുദ്ഭേദനം, ദ്രവ്യക്രീഡാബഹുമാനം, ആവിഷ്കാരം, ഉദ്യോതനാഭിധാനം, ചർവ്വണാഭിധാനം തുടങ്ങിയവയാണ് ശിവസ്തോത്രാവലിയിലെ 20 അദ്ധ്യായങ്ങൾ.

ഇവിടെ ശ്രദ്ധേയമായ വസ്തുത ഉത്പലദേവൻ മുന്നോട്ടുവയ്ക്കുന്ന ഭക്തിസാധാരണ പല ആചാര്യന്മാരാലും പറയപ്പെട്ടിട്ടുള്ള ഭക്തിസങ്കല്പങ്ങളിൽനിന്നൊക്കെ വ്യത്യസ്തമാണ്. സമാവേശം ആണ് ഉത്പലദേവനെ സംബന്ധിച്ച് ഭക്തി. ഇത്തരത്തിൽ ഭക്തിയെ നിർവ്വചിക്കുന്നത് ഒരുപക്ഷേ, ഇദം പ്രഥമമായിട്ടായിരിക്കും.

ഉത്പലദേവന്റെ കൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടതായി കണക്കാ

ക്കപ്പെട്ടിട്ടുള്ളത് ഈശ്വരപ്രത്യഭിജ്ഞാകാരികയും വൃത്തിയുമാണ്. ഈശ്വരപ്രത്യഭിജ്ഞാവിവൃതി/ടീകാ എന്നൊരു കൃതിയും അദ്ദേഹത്താൽ എഴുതപ്പെട്ടിട്ടുള്ളതായി പറയപ്പെടുന്നുണ്ടെങ്കിലും ഇന്ന് ഉപലഭ്യമല്ല. ഈശ്വരപ്രത്യഭിജ്ഞാകാരികയിൽ 4 അധികരണങ്ങളാണ് ഉള്ളത്. ജ്ഞാനാധികരണം, ക്രിയാധികരണം, ആഗമാധികരണം, തത്ത്വസംഗ്രഹാധികരണം എന്നിങ്ങനെ. ഇതിൽ ജ്ഞാനാധികരണത്തിൽ 8 ആഹ്നികങ്ങളും ക്രിയാധികരണത്തിൽ 4 ആഹ്നികങ്ങളും, ആഗമാധികരണത്തിൽ 2 ആഹ്നികങ്ങളും തത്ത്വസംഗ്രത്തിൽ ഒരു ആഹ്നികവുമാണുള്ളത്. ഉത്പലദേവന്റെ ഈശ്വരപ്രത്യഭിജ്ഞാവൃത്തി, വിവൃതി ഇവയൊന്നും കൂടാതെ അഭിനവഗുപ്തനാൽ എഴുതപ്പെട്ട പ്രൗഢഗംഭീരമായ കൃതികളാണ് ഈശ്വരപ്രത്യഭിജ്ഞാവിമർശിനിയും ഈശ്വരപ്രത്യഭിജ്ഞാ വിവൃതിവിമർശിനിയും.

'പ്രത്യഭിജ്ഞ' അതായത് താൻ ശിവനാണെന്നുള്ള തിരിച്ചറിവ് അതാണ് പ്രധാനമായും സംഭവിക്കേണ്ടത് എന്നാണ് ഉത്പലദേവന്റെ മതം. ഇതിനുള്ള ഉപായങ്ങളും അദ്ദേഹംതന്നെ തന്റെ കൃതികളിലൂടെ പ്രതിപാദിക്കുന്നുണ്ട്.

ഈ കൃതികളെ കൂടാതെ സിദ്ധിത്രയീ അജഡപ്രമാതൃസിദ്ധി, സംബന്ധസിദ്ധി, ഈശ്വരസിദ്ധി, ശിവദൃഷ്ടി വിവൃത്തി എന്നീ കൃതികളും ഉത്പലദേവനാൽ എഴുതപ്പെട്ടിട്ടുണ്ട്. ഒരേ സമയത്ത് ശാസ്ത്രകാരനും അതോടൊപ്പംതന്നെ തികഞ്ഞ ഒരു ഭക്തനും ആയിരുന്ന ഒരാളാണ് ഉത്പലദേവൻ.

(തുടരും)

---

### ശ്രീമദപ്പയ്യദീക്ഷതകൃതമായ

# ദുർഗ്ഗാചന്ദ്രകലാസ്തുതിഃ (4)

ദാമോദർ നാരായണൻ സി.എൻ.

ഗവേഷക വിദ്യാർത്ഥി, കർണ്ണാടക സംസ്കൃത യൂണിവേഴ്സിറ്റി, ബാംഗ്ലൂർ.

(കഴിഞ്ഞലക്കം തുടർച്ച)

ശുംഭനിശുംഭന്മാരെ വധിച്ചവളായ കൗശികീദേവിയുടെ ഉദ്ഭവത്തെക്കുറിച്ചുള്ള ഒരു കഥ ശിവപുരാണത്തിലെ വായവീയസംഹിതയിൽ കാണാം.

ശുംഭനിശുംഭന്മാർ ബ്രഹ്മാവിനെ കഠിനമായ തപസ്സുചെയ്ത് പ്രത്യക്ഷപ്പെടുത്തി വിചിത്രമായ ഒരു വരം വാങ്ങുന്നു. പ്രപഞ്ചത്തിൽ യാതൊരു പുരുഷന്മാരാലും തങ്ങൾ വധിയ്ക്കപ്പെടരുത്. ഇനി സ്ത്രീയാൽ വധിക്കപ്പെടുകയാണെങ്കിൽത്തന്നെ പ്രകൃത്യാലുള്ള മനുഷ്യ ജന്മമാകരുത്. ഒരു സ്ത്രീയുടെ അംഗങ്ങളിൽനിന്നും പിറന്നവളായ വേറൊരു സ്ത്രീ ആയിരിക്കണം തങ്ങളുടെ വധത്തിന് കാരണമായിത്തീരേണ്ടത്.

ബ്രഹ്മാവ് അപ്രകാരംതന്നെ അവർക്ക് വരം കൊടുക്കുന്നു. അധികം താമസിയാതെതന്നെ ഇവർ ദേവന്മാരെ ആക്രമിച്ച് ദേവലോകം കയ്യടക്കുന്നു. അങ്ങനെ പ്രപഞ്ചത്തിലെ താളം തെറ്റാൻ തുടങ്ങുമ്പോൾ ബ്രഹ്മാവ് മഹേശ്വരനെ സമീപിച്ച് രഹസ്യമായി പാർവ്വതീദേവിയെ കുപിതയാക്കുവാനും അങ്ങനെ ആ കോപം മൂലം ദേവിയിൽനിന്നും നിർഗ്ഗമിക്കുന്ന ശക്തിയെ ദേവന്മാരുടെ രക്ഷയ്ക്കായി നിയോഗിക്കാനും അപേക്ഷിച്ചു. ഇതനുസരിച്ച് ശിവൻ ദേവിയെ പരിഹാസരൂപേണ 'കാളീ' (കറുത്തവളേ) എന്നു വിളിക്കുകയും ദേവി ക്ഷുഭിതയായി ഗൗതമമഹർഷിയുടെ ആശ്രമത്തിലേക്കു പോയി തപസ്സനുഷ്ഠിക്കുകയും തദ്വാരാ തന്റെ കറുപ്പുനിറത്തെ ബഹിർഗ്ഗമിപ്പിച്ച് സ്വയം ഗൗരി (വെളുത്തവൾ) ആയിത്തീരുകയും ചെയ്തു. അങ്ങനെ ബഹിർഗ്ഗമിച്ച കാളിയായ കൗശികീ ദേവിയാണ് ശുംഭനിശുംഭന്മാരെ യുദ്ധത്തിൽ വധിയ്ക്കുന്നത്.

5. *വിശ്വേശ്വരീതി മഹിഷാന്തകരീതി യസ്യാ*
*നാരായണീത്യപി ച നാമഭിരങ്കിതാനി*
*സൂക്താനി പങ്കജഭുവാ ച സുരർഷിഭിശ്ച*
*ദൃഷ്ടാനി പാവകമുഖൈശ്ച ശിവാം ഭജേതാം.*

അർത്ഥം : യസ്യാ യാതൊരുവളുടെയാണോ, വിശ്വേശ്വരീതി, മഹിഷാന്തകരീതി, നാരയണീത്യപി = വിശ്വേശ്വരീ, മഹിഷാന്തകരീ, നാരായണീ എന്നു തുടങ്ങിയ, നാമഭിരങ്കിതാനി സൂക്താനി = നാമങ്ങളാൽ വിശേഷിപ്പിക്കപ്പെട്ട സ്തുതികൾ, പങ്കജഭുവാ, സുരർഷിഭിശ്ച പാവകമുഖൈശ്ച ദൃഷ്ടാനി = ബ്രഹ്മാവിനാലും ദേവഋഷി ഗണങ്ങളാലും അഗ്നി തുടങ്ങിയവരുടെ മുഖങ്ങളാലും ദൃഷ്ടമായത്. താം ശിവാം ഭജേതാം = ആ ശിവയെ ഭജിക്കുന്നു.

സാരം : വിശ്വേരശ്വരീം എന്നു തുടങ്ങിയ സ്തുതി ബ്രഹ്മാവിനാലും മഹിഷാന്തകരീ, നാരായണീ എന്നിങ്ങനെ തുടങ്ങുന്ന സ്തുതികൾ ദേവഋഷി ഗണങ്ങളാലും ചെയ്യപ്പെട്ട ആ മഹാദേവിയായ ശിവയെ ഞാൻ ഭജിക്കുന്നു.

വിവരണം : ദേവീമാഹാത്മ്യം പ്രഥമാദ്ധ്യായത്തിൽ വിഷ്ണുമായയുടെ ആവിർഭാവത്തിനുമുമ്പ് ബ്രഹ്മാവിനാൽ ദേവിസ്തുതിക്കപ്പെട്ടു. 4-ാം അദ്ധ്യായത്തിൽ മഹിഷാസുരമർദ്ദനത്തിനുശേഷം ദേവർഷിഗണങ്ങളാലും 11-ാം അദ്ധ്യായത്തിൽ ശുംഭനിശുംഭന്മാരുടെ വധത്തിൽ ആഹ്ലാദഭരിതരായി വീണ്ടും ദേവഗണങ്ങളെല്ലാവരാലും ആ മഹാദേവി വാഴ്ത്തപ്പെട്ടു.

*6. ഉത്പത്തി ദൈത്യഹനനസ്തവനാത്മകാനി*
*സംരക്ഷകാണ്യഖില ഭൂതഹിതായ യസ്യാഃ*
*സൂക്താന്യശേഷനിഗമാന്തവിദഃ പഠന്തി*
*താം വിശ്വമാതരമജസ്രമഭിഷ്ടവീമി.*

അർത്ഥം : യസ്യാഃ = യാതൊരുവളുടെ, സംരക്ഷകാണി = സംരക്ഷകങ്ങളാകുന്ന, ഉത്പത്തി ദൈത്യഹനനസ്തവനാത്മകാനി = ഉത്പത്തി, ദൈത്യന്മാരുടെ വധം, സ്തുതി തുടങ്ങിയ, സൂക്താനി = സ്തുതികൾ, അശേഷനിഗമാന്തവിദഃ = എല്ലാ വേദാന്ത പണ്ഡിതന്മാരാലും, പഠന്തി = പാരായണം ചെയ്യപ്പെടുന്നത്, താം വിശ്വമാതരം = ആ വിശ്വമാതാവിനെ, അജസ്രം = നിരന്തരം, അഭിഷ്ടവീമി = സ്തുതിക്കുന്നു.

സാരം : യാതൊരുവളുടെ ഉത്പത്തി, ദൈത്യവധം, സ്തുതി തുടങ്ങിയവ ഉൾക്കൊള്ളുന്ന സൂക്തങ്ങളാണോ സകല വേദാന്ത ജ്ഞാനികളും രക്ഷക്കായിക്കൊണ്ട് പാരായണം ചെയ്യുന്നത്, ആ വിശ്വമാതാവിനെ ഞാൻ നിരന്തരം സ്തുതിക്കുന്നു.

*7. യം വൈപ്രചിത്തപുനരുത്ഥിത സുംഭമുഖ്യൈ-*
*ർദുഭിക്ഷഘോരസമയേന ച കാരിതാസു*
*ആവിഷ്കൃതാസ്ത്രിജഗദാർത്തിഷു രൂപഭേദാ-*
*സ്തൈരംബികാ സമഭിരക്ഷതു മാം വിപദ്ഭ്യഃ.*

അർത്ഥം : യം = യാതൊന്നിനെ, വൈപ്രചിത്തപുനരുത്ഥിത സുഭമുഖ്യൈഃ = വൈപ്രചിത്തൻ ശുംഭൻ മുതലായവരാൽ, ദുർഭിക്ഷഘോരസമയേന കാരിതാസു = ആപത്തുക്കളോടുകൂടിയ ഘോരസമയത്തിങ്കൽ ചെയ്തതായ, ത്രിജഗദാർത്തിഷു രൂപഭേദാ ആവിഷ്കൃതാ = മൂന്നു ലോകങ്ങളുടേയും സങ്കടസമയത്ത് ആവിഷ്കൃതയായ, അംബികാ = ആ ജഗദംബിക, മാം വിപദ്ഭ്യ, സമഭിരക്ഷതു = എന്നെ വിപത്തുകളിൽനിന്നും സംരക്ഷിക്കട്ടെ.

സാരം : വീണ്ടും വൈപ്രചിത്തൻ സുംഭൻ തുടങ്ങിയ അസുരന്മാരാൽ മൂന്നു ലോകങ്ങൾക്കും സങ്കടം ഉണ്ടാകപ്പെടുമ്പോൾ വീണ്ടും വിവിധരൂപങ്ങളോടുകൂടി അവതരിക്കുന്നവളായ ആ ജഗദംബിക എന്നെ വിപത്തുക്കളിൽനിന്നും രക്ഷിക്കട്ടെ. (തുടരും)

# കുട്ടികളുടെ വാല്മീകിരാമായണം  19

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും
മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)

(കഴിഞ്ഞലക്കം തുടർച്ച)

കണ്ണിലെ കൃഷ്ണമണിപോലെ കരുതിയിരുന്ന ശ്രീരാമചന്ദ്രന്റെ പട്ടാഭിഷേകം മുടങ്ങുകയും അദ്ദേഹത്തെ വനവാസത്തിന്നയയ്ക്കണമെന്ന തീരുമാനവും സകലരേയും ദുഃഖത്തിലാഴ്ത്തി. വേണ്ടപ്പെട്ടവരുടെ ഈ നൈരാശ്യം വാല്മീകി വഴിപോലെ ഉചിതമായ രീതിയിൽ അനുവാചകനെ അനുഭവിപ്പിക്കുന്നു. ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുന്ന ഭരണകർത്താവിനെയാണ് മഹർഷിവര്യൻ കാണിച്ചു തരുന്നത്. ഭരണാധികാരികൾക്കുവേണ്ടി രാജ്യത്തേയും ജനങ്ങളേയും പ്രയോജനപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ രാമരാജ്യസങ്കല്പം ജനമനസ്സുകളിലെങ്കിലും കല്പാന്തകാലത്തോളം നിലനില്ക്കും. വേണ്ടപ്പെട്ടവരുടെ അനുഗ്രഹാശിസ്സുകളോടെ ശ്രീരാമൻ, സീത-ലക്ഷ്മണ സമേതനായി വനവാസത്തിനായി യാത്രയായി. സമസ്ത ഐശ്വര്യസമ്പത്സമൃദ്ധിയുടെ ശീതളച്ഛായയിൽനിന്ന് ജീവനുപോലും ഭീഷണിയുയർത്തുന്ന കാനനത്തിലേയ്ക്കുള്ള കൂടുമാറ്റം നിർവ്വികാരതയോടെ ഏറ്റുവാങ്ങുന്ന രാജധർമ്മം, പവിത്രമായ ഭാരതീയ പൈതൃകത്തിന്റെ പരഭാഗശോഭകൂടിയാണെന്ന് പ്രിയപ്പെട്ട 'ശാംഭവി' കൂട്ടുകാർ ശ്രദ്ധിച്ചുകാണുമല്ലോ? സർവ്വം ക്ഷണഭംഗുരം, നൈമിഷികം... ഇതിൽ ഭ്രമിച്ചു പോകരുതെന്ന് വാല്മീകി ഓർമ്മിപ്പിക്കുന്നു.

അതിവിശാലമായ കോസലരാജ്യത്തോട് വിടപറയുന്ന തന്നെ അനുഗമിക്കുന്ന ജനസഹസ്രങ്ങളോട് യാത്രാമൊഴി ചൊല്ലുന്ന ശ്രീരാമചന്ദ്രചേതോവികാരം വായനക്കാരുടെ മനസ്സിൽ ആഴത്തിൽ പതിയുംവിധമാണ് വാല്മീകി ആലേഖനം ചെയ്തിരിക്കുന്നത്. പ്രിയപ്പെട്ടവരുടെ ദൈന്യതയോടൊപ്പം പ്രകൃതിപോലും കണ്ണുനീരണിയുന്ന രംഗങ്ങൾ അദ്ദേഹം അതിമനോഹരമായി വരച്ചുകാണിച്ചിരിക്കുന്നു.

വേദമന്ത്രങ്ങൾ കേട്ട് പരമപവിത്രയായി എന്നും തെളിനീർ മാത്രം നിറഞ്ഞു കവിയുന്ന വേദശ്രുതിപുഴ ശ്രീരാമപാദങ്ങൾ കഴുകി, തഴുകി ചാരിതാർത്ഥയായി. തുടർന്ന് 'ഗോമതി നദി'യിലൂടെ യാത്ര തുടർന്നു. ഈ യാത്രയിലുനീളം പ്രകൃതിവർണ്ണനയ്ക്കുപരി, ലോകമേ തറവാട്, പുല്കളും പു

ഴകളും കുടിത്തൻ കുടുംബക്കാർ - എന്ന മഹത്തായ ആശയവും തിരി നീട്ടുന്നു. പ്രകൃതിയിൽനിന്നകന്ന് മനുഷ്യന് നിലനില്പില്ലെന്നും ഈ പാരസ്പര്യം ജീവവായുപോലെ നിലനിർത്തണമെന്നും മഹാകവി ഊന്നിപ്പറയുന്നു. ഭാരതത്തിന്റെ പുണ്യനദിയായ ഗംഗയുടെ ആപാത ഗരിമയിലും സൗന്ദര്യപ്രഹർഷത്തിലും ആകൃഷ്ടനായ ശ്രീരാമൻ ഒരു ദിവസം ആ പരിസരത്തിൽ കഴിയാൻ തീരുമാനിച്ചു. വാല്മീകിരാമായണത്തിലെ മറ്റൊരു സമ്മോഹനമുഹൂർത്തത്തിന് സാക്ഷികളാവുകയാണ് വായനക്കാരായ നമ്മൾ അടുത്തതായി. നിഷാദ രാജാവ് ഗുഹൻ ശ്രീരാമചന്ദ്രന്റെ ആഗമനമറിഞ്ഞ് മന്ത്രിമാരോടൊത്ത് സ്വീകരിക്കാനെത്തിയത് നമ്മെ ഹഠാദാകർഷിക്കും. ശ്രീരാമന്റെ സുഹൃത്തും അതിശക്തനുമായ ഗുഹന്റെ ഭക്തിയും സ്നേഹവായ്പും വഴിഞ്ഞൊഴുകുന്ന അപൂർവ്വ നിമിഷങ്ങളാണിത്. ഗുഹന്റെ സാന്നിദ്ധ്യം തന്റെ തുടർപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകർന്നു എന്ന ശ്രീരാമന്റെ പ്രസ്താവം സകലരേയും സന്തോഷിപ്പിച്ചു. ജാതിയിൽ താഴ്ന്നവനായിട്ടും ആ തങ്കമനസ്സ് മനസ്സിലാക്കാനുള്ള ശ്രീരാമവൈഭവം വാല്മീകി അനുപമമായി ആവിഷ്കരിച്ചിരിക്കുന്നു. സുഹൃത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറായ രാമായണത്തിലെ ആ ഉജ്ജ്വലകഥാപാത്രമാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്നത്. ഉച്ചനീചത്വങ്ങളില്ലാത്ത, സൗഹൃദം പൂക്കുകയും കായ്ക്കുകയും തളിർക്കുകയും ചെയ്യുന്ന വാല്മീകിരാമായണത്തിന്റെ സവിശേഷതകൾ നിരവധിയാണെന്റെ കൊച്ചുകൂട്ടുകാരെ...

(തുടരും)

---

ശ്രീ ഉത്പലദേവാചാര്യൻ രചിച്ച

# ശിവസ്തോത്രാവലി (6)

(ക്ഷേമരാജ ഭാഷ്യസഹിതം)

മുരളീകൃഷ്ണൻ എം.വി.

ഗവേഷക വിദ്യാർത്ഥി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.

ശ്ലോകം 21

*ശാന്തകല്ലോലശീതാച്ഛസ്വാദുഭക്തിസുധാംബുധൗ*
*അലൗകിക രസാസ്വാദേ സുസ്ഥൈഃ*[1] *കോ നാമ ഗണ്യതെ*

1. സ്വസ്ഥൈഃ എന്ന് ഒരു പാഠം.

സാരം - ശാന്തമായ തിരമാലകളുള്ളതും ശീതളവും നിർമ്മലവും അതുപോലെ മധുരതരവുമായ ഭക്ത്യമൃതസമുദ്രത്തിൽ അലൗകികമായ രസത്തിന്റെ ആസ്വാദനത്താൽ സ്വസ്ഥരായിരിക്കുന്ന ഭക്തജനങ്ങൾക്ക് ഏത് പുരുഷനാണ് തന്നിൽനിന്നും ഭിന്നമായി അവർ കണക്കാക്കുന്നത്. അതായത് അവർക്ക് എല്ലാംതന്നെ തന്റെ സ്വരൂപം തന്നെയാണ്.

വ്യാഖ്യാനം - ശാന്താഃ - നിവൃത്താഃ വികല്പമയാഃ കല്ലോല യത്ര, തഥാഭൂതെ. സംസാരതാപാപഹതത്വാച്ഛീതെ[2]. വിശ്വപ്രതിബിംബാശ്രയത്വാദച്ഛെ - നിർമലെ. ആനന്ദവികാസിത്വാദ് സ്വാദൗ ഭക്ത്യമൃതസമുദ്രെ, അലൗകികരസാസ്വാദെ - സമാവേശചമത്കാരെ, സുഖേന തിഷ്ഠന്തി സുസ്ഥാഃ, തൈഃ ഭേദഗലനാത് കോ നാമ ഗണ്യതെ, തദാ വ്യതിരിക്തസ്യ കസ്യചിദപ്യപ്രതിഭാസാത് സുഖസ്ഥിതാഃ ന കിഞ്ചിദ്ഗണയന്തി - ഇത്യുചിതൈവോക്തിഃ.

പരിഭാഷ - ശാന്തമായത് - അതായത് ഭേദഭാവം ഇല്ലാതെയായ തിരമാലകളാൽ ഉണ്ടായതും സംസാരതാപത്തിന്റെ നാശത്താൽ ശീതളമായതും വിശ്വപ്രതിബിംബത്തിന്റെ ആശ്രയമായതുകൊണ്ട് നിർമ്മലമായതും ആനന്ദവികാസത്താൽ മധുരതരവുമായതുമായ ഭക്ത്യമൃതസമുദ്രത്തിൽ സമാവേശചമത്ക്കാരത്താൽ സുഖമായിരിക്കുന്ന ആ ഭക്തജനങ്ങൾ ഭേദ അഭാവത്താൽ വേറെ ആരെയും ഭിന്നരായി കണക്കാക്കുന്നില്ല. അവർ തന്നിൽനിന്നും വേറെയായി ആരെയും കണക്കാക്കുന്നില്ല. അപ്രകാരം തന്നിൽനിന്നും വ്യതിരിക്തമായ ഒന്നും ഇല്ലാത്തതിനാൽ സുഖസ്ഥിതന്മാർ വേറെ ആരെയും കണക്കാക്കുന്നില്ല എന്ന് ഉചിതമായ ഉക്തി.

---

2. സംസാരതാപാ പൂർണ്ണത്വാത് എന്ന് ഒരു പാഠം.



RNI Registration Number – KERMAL/2012/56910



Printed and Published by K.P Sreedharan Namboothiri, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda, Thrissur, Kerala,680712. Editor: D.Prakash